# ഭാഗം 14 നാടകം

**ഉള്ളടക്കം**


14.0 ഉദ്ദേശ്യലക്ഷ്യങ്ങൾ
14.1 വിഷയാവതരണവും പാഠഭാഗവും
പാഠം-1 പൂർവ്വാങ്കം (ലങ്കാലക്ഷ്മി)
14.2 പാഠസംഗ്രഹവും നിരൂപണവും
പുരോഗതി സ്വയം പരിശോധിക്കുക-1
14.3 വിഷയാവതരണവും പാഠഭാഗവും
പാഠം-2 അവൻ വീണ്ടും വരുന്നു
14.4 പാഠസംഗ്രഹവും വിമർശനവും
പുരോഗതി സ്വയം പരിശോധിക്കുക-2
14.5 വിഷയാവതരണവും പാഠഭാഗവും
പാഠം-3 ബലാബലം
14-6 പാഠസംഗ്രഹവും നിരൂപണവും
പുരോഗതി സ്വയം പരിശോധിക്കുക-3
14.7 പുരോഗതി സ്വയം പരിശോധിക്കുക-ഉത്തരം


## 14.0 ഉദ്ദേശ്യലക്ഷ്യങ്ങൾ

ഏറ്റവും പ്രാചീനമായ സാഹിത്യരൂപങ്ങളിൽ ഒന്നാണ് നാടകം. എന്നാൽ മററു സാഹിത്യരൂപങ്ങളിൽനിന്ന് നാടകത്തെ വ്യത്യസ്തമാക്കുന്ന അതിപ്രധാനമായ ഒരു ഘടകമുണ്ട്. സാഹിത്യരൂപം എന്ന നിലയ്ക്കല്ല നാടകം ആവിർഭവിച്ചതെന്ന ചരിത്ര വസ്തുതയുമായി ബന്ധപ്പെട്ടതാണ് ആ ഘടകം. അരങ്ങിൽ അവതരിപ്പിച്ച് രസിക്കാൻ വേണ്ടിയാണ് നാടകം ഉണ്ടായത്. നാടക സാഹിത്യം ഉണ്ടാകുന്നതിനു മുമ്പുതന്നെ അരങ്ങ് നിലവിലുണ്ടായിരുന്നു എന്നാണ് നാടകത്തിന്റെയും നാടക വേദിയുടെയും ചരിത്രം പഠിക്കുന്ന പണ്ഡിതന്മാർ സംശയരഹിതമായി സമർത്ഥിക്കുന്നത്. അവതരണയോഗ്യത നാടകത്തിന്റെ പ്രാഥമികമായ ഗുണങ്ങളിൽ ഒന്നായിരുന്നേ മതിയാകൂ. അരങ്ങിൽ അവതരിപ്പിക്കാൻ കൊള്ളാത്തതാണെങ്കിൽ സാഹിത്യപരമായ എന്തെല്ലാം ഗുണങ്ങൾ ഉണ്ടായിരുന്നാലും ഒരു കൃതിയെ നാടകം എന്നു വിളിക്കാൻ കഴിയുകയില്ല. നടിക്കുക എന്നർത്ഥം വരുന്ന ക്രിയാധാതുവിൽ നിന്നാണ് നാടകം എന്ന പേർ വന്നിരിക്കുന്നത്. ചെയ്യുക എന്ന അർത്ഥമുള്ള 'നട്' എന്ന പദത്തിൽ നിന്നാണ് 'നാടകം' എന്ന സംജ്ഞാപദം ഉണ്ടായിരിക്കുന്നത്. അരങ്ങും നാടകവും തമ്മിലുള്ള അനിഷേധ്യമായ ബന്ധമാണ് ഈ പേരുകൾ സൂചിപ്പിക്കുന്നത്.

അരങ്ങിൽ അവതരിപ്പിക്കാൻ കഴിയും എന്നു മാത്രമല്ല ഈ ബന്ധംകൊണ്ട് അർത്ഥമാക്കുന്നത്. നാടകസാഹിത്യത്തിന്റെ രൂപഘടനയെ പൂർണ്ണമായി സ്വാധീനിക്കാൻ പര്യാപ്തമാണ് ഈ ബന്ധം. ഏതു നാടകവും നേരിട്ടുള്ള അവതരണം ആവശ്യപ്പെടുന്നത് നാം ശ്രദ്ധിച്ചിട്ടുണ്ട്. കഥാപാത്രങ്ങളുടെ പരസ്പര സംഭാഷണത്തിലൂടെയും അവരുടെ ക്രിയയിലൂടെയുമല്ലാതെ നാടകത്തിൽ ഒരു കാര്യവും അവതരിപ്പിക്കാൻ കഴിയുകയില്ലെന്നതാണ് നേരിട്ടുള്ള അവതരണം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. നോവലിലും കഥയിലും കവിതയിലും എഴുത്തുകാരന് താൻ സൃഷ്ടിച്ച കഥാസന്ദർഭത്തെയും കഥാപാത്രങ്ങളെയും കുറിച്ച് പലതും പറയാൻ കഴിയും. നാടകത്തിൽ ആ സൗകര്യം ഒരിക്കലും ലഭിക്കുന്നില്ല. അത് നാടകത്തിന്റെ പ്രത്യേകതയാണ്.

ഇങ്ങനെ നേരിട്ട് അവതരിപ്പിക്കുമ്പോൾ ആ ജീവിതഖണ്ഡം അങ്ങേയററം ഉള്ളിൽ തട്ടുന്നതാകണമെങ്കിൽ മനുഷ്യഭാവങ്ങൾ ശക്തിയായി പ്രകാശിപ്പിക്കപ്പെടണം. ശക്തിയായ മനുഷ്യവികാരങ്ങൾ അന്യവികാരങ്ങളെ സഹിക്കാത്തതായിരിക്കും. അങ്ങനെ വരുമ്പോൾ സംഘർഷം ഒഴിവാക്കാൻ കഴിയാതെ വരും. നാടകത്തെ സംഘട്ടനത്തിൻെറ കഥ എന്ന് ചില നാടകവിമർശകന്മാർ നിർവചിക്കുന്നത് അതുകൊണ്ടാണ്. വലിയ മനസ്സിലെ വലിയ സംഘട്ടനമാണ് നാടകത്തിൻെറ പ്രമേയം എന്ന് അവർ വിശദീകരിക്കുകയും ചെയ്യുന്നു.

അങ്ങനെ നോക്കുമ്പോൾ സംഘർഷനിർഭരമായ ജീവിത സന്ദർഭങ്ങളിൽ അകപ്പെടുന്ന അസാധാരണ വ്യക്തിത്വമുള്ള കഥാപാത്രങ്ങളുടെ പരസ്പര ബന്ധത്തിലൂടെയും പ്രവർത്തന പ്രതിപ്രവർത്തനങ്ങളിലൂടെയും വളർന്ന് സ്വാഭാവിക പരിണാമത്തിലെത്തുന്ന സംഭവക്രമത്തിൻെറ നേരിട്ടുള്ള അവതരണമാണ് നാടകം എന്ന് പറയാം.

## നാടകത്തിൻെറ ഘടകങ്ങൾ

ഈ നിർവചനത്തിൽ നിന്ന് നാടകത്തിൻെറ ഘടകങ്ങൾ ഏതൊക്കെയാണെന്ന് നമുക്ക് ഊഹിക്കാം.

(1) **ഇതിവൃത്തം:** നാടകത്തിലെ സംഭവങ്ങളുടെ സംവിധാനത്തെയാണ് ഇതിവൃത്തം എന്നു വിളിക്കുന്നത്. അത് കഥ മാത്രമല്ല. ഒരേ കഥയെത്തന്നെ ഒന്നിലേറെ നാടകകൃത്തുക്കൾ നാടകത്തിന് സ്വീകരിച്ചിട്ടുണ്ട്. അവരുടെ നാടകങ്ങളിലെ സംഭവങ്ങളുടെ സംവിധാനക്രമം വിഭിന്നമായിരിക്കും. കഥ ഒന്നാണെങ്കിലും ഇതിവൃത്തം വ്യത്യസ്തമാണ് എന്നാണ് ഇതു കാണിക്കുന്നത്. ആദി, മദ്ധ്യം, അന്ത്യം ഇവ അടങ്ങിയതാണത്. നാടകേതിവൃത്തത്തിലെ ആദ്യസംഭവത്തിനു മുമ്പ് ധാരാളം കാര്യങ്ങൾ നടന്നിട്ടുണ്ടാകാം. എന്നാൽ അവയെക്കുറിച്ച് അറിയാതെ തന്നെ നാടകം ആസ്വദിക്കാൻ കഴിയണം. ആരംഭം അടുത്ത സംഭവങ്ങളിലേയ്ക്ക് നീങ്ങുന്നു. ഒരിടത്ത് അവസാനിക്കുകയും ചെയ്യുന്നു. ആദിമദ്ധ്യാന്തങ്ങൾ ചേർന്നാൽ പൂർണ്ണതയായി. ഈ പൂർണ്ണതാപ്രതീതി ജനിപ്പിക്കുന്നതാകണം നാടകത്തിൻെറ ഇതിവൃത്തം.

(2) **കഥാപാത്രങ്ങൾ:**

ഇതിവൃത്തം സംഭവങ്ങൾ ചേർന്നാണ് ഉണ്ടാകുന്നതെങ്കിൽ സംഭവങ്ങൾ മനുഷ്യരുടെ ജീവിതത്തിൽ സംഭവിക്കുന്ന കാര്യങ്ങളോ അവർ ചെയ്യുന്ന പ്രവൃത്തികളോ ആയിരിക്കുമല്ലോ. ആ മനുഷ്യരെയാണ് കഥാപാത്രങ്ങൾ എന്നു വിളിക്കുന്നത്. ശക്തവും നിയതവുമായ വ്യക്തിത്വമുള്ള കഥാപാത്രങ്ങളുടെ വികാരങ്ങളും താല്പര്യങ്ങളും ആദർശങ്ങളും ആശയങ്ങളും പരസ്പരം പിണഞ്ഞു പിരിമുറുകുമ്പോഴാണ് നാടകം കരുത്തുള്ള സാഹിത്യരൂപമായിത്തീരുന്നത്.

(3) **സംഭാഷണം:**

നാടകം സംഭവങ്ങളുടെ നേരിട്ടുള്ള അവതരണമാണ് എന്ന് നമ്മൾ നേരത്തെ പറഞ്ഞിട്ടുണ്ടല്ലോ. അരങ്ങിലെത്തുന്ന കഥാപാത്രങ്ങൾ സംഭാഷണത്തിൽ ഏർപ്പെടുന്നു. നാടകം എന്ന സാഹിത്യരൂപത്തിൻെറ ഒരേയൊരു ആവിഷ്കരണ മാധ്യമം സംഭാഷണമാണെന്നു പറയാം. സംഭവങ്ങൾ ഉരുത്തിരിയുന്നതും വികാരസംഘർഷങ്ങൾ പ്രകാശിതമാകുന്നതും കഥാപാത്രങ്ങളുടെ വ്യക്തിത്വം സ്ഥാപിതമാകുന്നതും സംഭാഷണത്തിലൂടെയാണ്. അതുകൊണ്ട് നാടകത്തിലെ സംഭാഷണം വെറും വർത്തമാനം പറച്ചിലല്ല എന്നു പ്രത്യേകം ഓർത്തിരിക്കേണ്ടതുണ്ട്. നാടകത്തിലെ ക്രിയയെ മുന്നോട്ടു കൊണ്ടുപോകുന്നത് സംഭാഷണമാണ്.

നാടകത്തിൻെറ ഘടകങ്ങൾ എന്ന നിലയ്ക്ക് പരിഗണിക്കപ്പെടേണ്ട വേറെ ചില കാര്യങ്ങളുണ്ട്. പക്ഷേ, നാടകത്തെക്കുറിച്ചുള്ള കുറേക്കൂടി ആഴമുള്ള പഠനത്തിൽ മാത്രമേ അവയ്ക്കു പ്രസക്തിയുള്ളൂ. ഏററവും പ്രാഥമികമായ ഘടകങ്ങളെക്കുറിച്ചു മാത്രമാണ് ചില കാര്യങ്ങൾ നാം ഇവിടെ സൂചിപ്പിച്ചത്.

മലയാള നാടക സാഹിത്യത്തിലെ പ്രമുഖരായ മൂന്നു നാടകകൃത്തുക്കളുടെ പ്രശസ്തമായ കൃതികളിൽ നിന്നും ഓരോ ദൃശ്യം ഇനിയുള്ള ഭാഗത്ത് ചേർത്തിരിക്കുന്നു. മലയാള നാടകത്തെക്കുറിച്ച് ഒരു സാമാന്യധാരണ വിദ്യാർത്ഥികൾക്ക് ലഭിക്കുന്നതോടൊപ്പം അതിശക്തമായ വികാരങ്ങളെ ആവാഹിച്ചെടുക്കുന്ന നാടകഭാഷയുമായി വിദ്യാർത്ഥികളെ പരിചയപ്പെടുത്തുക എന്ന ലക്ഷ്യംകൂടി ഇതിനുണ്ട്.

## 14.1 വിഷയാവതരണം

സി.എൻ. ശ്രീകണ്ഠൻ നായർ രചിച്ച ഒരു നാടകമാണ് ലങ്കാലക്ഷ്മി. മലയാളനാടകസാഹിത്യത്തിൽ അദ്വിതീയമായ ഒരു സ്ഥാനമാണ് ശ്രീകണ്ഠൻ നായർക്കുള്ളത്. രാമായണത്തെ ഉപജീവിച്ച് അദ്ദേഹം മൂന്നു നാടകങ്ങൾ എഴുതിയിട്ടുണ്ട്. രാമായണനാടകത്രിതയം എന്ന് അതിനെ വിളിക്കാം. കാഞ്ചനസീത, സാകേതം, ലങ്കാലക്ഷ്മി എന്നിവയാണ് ത്രിതയത്തിൽ ഉൾപ്പെടുന്ന നാടകങ്ങൾ. രാമായണത്തിലെ യുദ്ധകാണ്ഡമാണ് ലങ്കാലക്ഷ്മിയിലെ കഥ. രാവണനെ മുഖ്യകഥാപാത്രമാക്കിക്കൊണ്ട് രചിച്ചിരിക്കുന്ന നാടകമാണിത്.

നഷ്ടക്കച്ചവടം, കലി എന്നിവയാണ് ഗ്രന്ഥകാരൻെറ ഇതര നാടകങ്ങൾ. ചെറുകഥാകൃത്ത്, പത്രപ്രവർത്തകൻ എന്നീ നിലകളിലും അദ്ദേഹം പ്രസിദ്ധനാണ്. മലയാള നാടകവേദിയുടെ വളർച്ചയ്ക്കും പരിഷ്കരണത്തിനുംവേണ്ടി അശ്രാന്തം യത്നിച്ചിട്ടുള്ള ദേഹമാണ് ശ്രീകണ്ഠൻ നായർ. നാടകക്കളരി എന്ന നാടകപഠനപദ്ധതിയുടെ പ്രമുഖ പ്രവർത്തകനും അദ്ദേഹമായിരുന്നു. മലയാള നാടകവേദിയുടെ നവോത്ഥാനം അദ്ദേഹത്തിൻെറ ഏററവും മനോഹരമായ സ്വപ്നമായിരുന്നു.

### പാഠം-1 പൂർവാങ്കം (ലങ്കാലക്ഷ്മി)

(ലങ്കയുടെ പ്രവേശനഗോപുരം. രാത്രി. ഒരു രാക്ഷസസ്ത്രീരൂപം അവ്യക്തമായി കാണാം. ഇരുളിലൂടെ ഹനുമാൻ കടന്നുവന്ന് രാക്ഷസിയെ ഉഗ്രമായി അടിക്കുകയും രാക്ഷസി നിലംപതിക്കുകയും ചെയ്യുന്നു. രാക്ഷസി എഴുന്നേല്ക്കുമ്പോൾ കാണാറാകുന്ന രൂപം ദിവ്യവും സുന്ദരവുമാണ്. അപ്പോൾ അലൗകികതയെ ധ്വനിപ്പിക്കുന്ന സംഗീതം ഉയരുന്നു.)

ലങ്കാലക്ഷ്മി: ആഞ്ജനേയാ വത്സരങ്ങളായി നിൻെറ വരവും കാത്തിരിക്കുന്നു. ഞാൻ ലങ്കാലക്ഷ്മി. ശാപവശാൽ ലങ്കയ്ക്കു കാവലായി പലകാലം നിന്നു. ഒരുനാൾ വാനരൻെറ തല്ലേററാൽ രാക്ഷോരൂപം വെടിഞ്ഞു മടങ്ങിച്ചെല്ലാം എന്നു വിധാതാവു കല്പിച്ചിരുന്നു. മോചനമായി. നിമിത്തം നീയാണ്. ഉണ്ണീ, നീ എനിക്കുപകരിച്ചവൻ. പ്രത്യുപകാരം എന്താണു ചെയ്യുക?

ഹനുമാൻ: അന്വേഷിച്ചു വന്നതാണു ഞാൻ. അച്ഛൻ ദശരഥൻെറ നിയോഗത്താൽ രാമനും പത്നി സീതയും അനുജൻ ലക്ഷ്മണനും ദണ്ഡകവനത്തിൽ പാർക്കുമ്പോൾ, ലങ്കേശനായ രാവണൻ സീതയെ കട്ടു. ദു:ഖിതനായ രാമനുമായി സഖ്യംചെയ്തു സുഗ്രീവരാജാവ് ഒരുലക്ഷം കപികളെ പലദിക്കിലും തിരയാൻ അയച്ചു. അങ്ങനെ കടൽ ശതയോജന താണ്ടി വന്നതാണ് ഞാൻ..... എനിക്കു സീതയെ കണ്ടെത്തണം.

ലങ്കാലക്ഷ്മി: നീ കണ്ടെത്താൻ തുടങ്ങിയിരിക്കുന്നു. എൻെറ ഛായ നോക്കി തിരഞ്ഞുകൊള്ളൂ. പക്ഷേ, രാവണൻെറ ശയ്യാഗാരം കണ്ടു നടുങ്ങരുത്. മണ്ഡോദരിക്കും ഈ ഛായ തോന്നാം. സീത ബന്ധനസ്ഥയായി, ദു:ഖിതയായി ഉപവനത്തിൽ കഴിയുന്നു. തണലേകാൻ, അശോകത്തിൻെറ മുററിലകൾ മാത്രം.

ഹനുമാൻ: ഉപവനം ഏതു ദിക്കിൽ?

ലങ്കാലക്ഷ്മി: ലങ്കയിൽ എവിടെ നിന്നും കാണാം, ഒരു സ്വർണ്ണത്താഴികക്കുടം. കോവിലകത്തിൻെറ പാർശ്വത്തിൽ. അതിന് വടക്ക്, വിളിപ്പാട് അകലെ.

ഹനുമാൻ: ദേവീ! ലളിതാംബികേ! ഇവനു വഴികാട്ടാൻ അവിടുന്നുതന്നെ വന്നല്ലോ.

ലങ്കാലക്ഷ്മി: ഞാൻ പിൻവാങ്ങുന്നു. നിനക്കിനി ലങ്കയിലേക്കു കടക്കാം. സൂക്ഷിച്ചുപോകൂ. രാവണൻ വംശോദ്ധാരകൻ. വിശ്വവിജയി. പക്ഷിനാഗയക്ഷദൈത്യദാനവരക്ഷോഗണങ്ങളാൽ മൃതിയില്ലെന്ന് വരവും വിരിഞ്ചൻ നല്കി. സ്വന്തം പത്തനത്തിന് എന്നെ കാവലാക്കാൻ കഴിഞ്ഞവൻ. മകൻ, മേഘനാദൻ, മായാരണപടു. ഇന്ദ്രനെ വെന്ന്, ഇന്ദ്രജിത്തെന്ന നാമവും നേടി. അനുജൻ കുംഭകർണ്ണൻ എന്ന കറുമ്പൻ ഉണർന്നാൽ ഉലകു വിറകൊള്ളും. തുല്യബലമുള്ള രക്ഷോവീരന്മാർ സഹസ്രം. ഇവിടെ കടൽതാണ്ടിയ വിക്രമം പോരാ. കൂടുതലുണ്ടല്ലോ കൈയിൽ? കാററിൻെറ മകനല്ലേ? ഞാൻ പോകുന്നു.... ഈ രാവിൽത്തന്നെ ഉള്ളിൽ കടക്കണം, കരുതലോടെ. നീ ഒരു യുഗസന്ധിക്കു നിമിത്തമെന്ന് ഓർമ്മിക്കുക. വിജയിച്ചു വരൂ.... (അപ്രത്യക്ഷയാകുന്നു.)

(അലൗകികതയുടെ സംഗീതം നിലയ്ക്കുന്നു. ഭീകരശബ്ദങ്ങൾ! ഹനുമാൻ ഇരുളിലൂടെ സഞ്ചരിച്ചു മറയുന്നു.)

(യവനിക)

## 14.2 പാഠസംഗ്രഹവും നിരൂപണവും

ലങ്കയുടെ പ്രവേശന കവാടത്തിൽ ഒരു രാക്ഷസസ്ത്രീരൂപം കാവൽ നിൽക്കുന്നു. ശാപം കൊണ്ട് രാക്ഷസിയായിത്തീർന്ന ലക്ഷ്മിതന്നെയാണ് അത്. ഹനുമാൻ പ്രവേശിച്ച് കാവൽക്കാരിയെ അടിക്കുമ്പോൾ രാക്ഷസി സുന്ദരിയായ ദേവിയായി മാറുന്നു. ശാപത്തിൽ നിന്നുള്ള മോചനമാണ് അത്.

തുടർന്ന് ലങ്കാലക്ഷ്മിയും ഹനുമാനും സംഭാഷണത്തിൽ ഏർപ്പെടുന്നു.

ഈ സംഭാഷണത്തിലൂടെ നാം അറിയുന്ന കാര്യങ്ങൾ ഇവയാണ്.

1. ലങ്കാലക്ഷ്മിക്കു കിട്ടിയ ശാപം. ശാപമോക്ഷത്തിനുള്ള വഴി.
2. ഹനുമാൻ ലങ്കയിൽ പ്രവേശിക്കാനുള്ള കാരണം. രാവണൻ സീതയെ അപഹരിച്ച വൃത്താന്തം.
3. ലങ്കയിൽ സീത എവിടെ ഇരിക്കുന്നു എന്ന് ലങ്കാലക്ഷ്മി പറഞ്ഞുകൊടുക്കുന്നു.

ലങ്കാലക്ഷ്മി എന്ന നാടകത്തിലെ മുഖ്യക്രിയ വികസിക്കാൻ തുടങ്ങുന്നതിനു മുമ്പുള്ള പൂർവ്വാങ്കമാണ് ഇവിടെ നല്കിയിരിക്കുന്നത്. സംഭവങ്ങൾ ഏതു വഴിക്കാണ് നീങ്ങുന്നത് എന്ന് ഇവിടെ വ്യക്തമാക്കിയിരിക്കുന്നു. അതോടൊപ്പം തന്നെ ലങ്കാലക്ഷ്മി ലങ്കയിൽനിന്ന് പിൻവാങ്ങുകയായി എന്ന കാര്യം നാടകസംഭവങ്ങളുടെ പരിണാമത്തെക്കുറിച്ചുള്ള സൂചന നല്കുന്നുണ്ട്. രാവണൻെറയും രാക്ഷസവംശത്തിൻെയും പ്രതാപൈശ്വര്യങ്ങൾ അവസാനിക്കുകയായി എന്നാണ് അത് കാണിക്കുന്നത്.

ലങ്കാലക്ഷ്മിയും ഹനുമാനും തമ്മിലുള്ള സംഭാഷണത്തിലൂടെയാണ് ഈ വൃത്താന്തങ്ങൾ ധ്വനിപ്പിക്കുന്നത്. നാടകം നേരിട്ടുള്ള അവതരണമാണ് എന്ന് നാം നേരത്തെ പറഞ്ഞ കാര്യം ഇവിടെ ഓർക്കാവുന്നതാണ്. ഈ ശില്പത്തിനിടയിൽ നാടകകൃത്തിന് പ്രവേശനം അനുവദിച്ചിട്ടില്ല. അതാണ് നാടകത്തിൻെറ പ്രത്യേകതയും.

### പുരോഗതി സ്വയം പരിശോധിക്കുക—1

1. എന്തിനാണ് നാടകം ഉണ്ടായത്?
2. നാടകം എന്ന പദം ഏത് ധാതുവിൽനിന്നുണ്ടായതാണ്?
3. നേരിട്ടുള്ള അവതരണം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്താണ്?
4. നാടകത്തിൽ ആ സൗകര്യം കിട്ടുന്നില്ല. ഏത്?
5. 'നാടകം' നിർവചിക്കുക.
6. നാടകത്തിൻെറ മൂന്നു മൗലികഘടകങ്ങൾ ഏവ?
7. എന്ന് വിധാതാവ് കല്പിച്ചിരുന്നു? എന്ത്?
8. അങ്ങനെ കടൽ താണ്ടി വന്നവനാണ് ഞാൻ. എങ്ങനെ? ആര്?

## 14.3 വിഷയാവതരണം

മലയാളനാടക സാഹിത്യത്തിലെ ഏററവും പ്രതിഭാശാലിയായ ഗ്രന്ഥകാരനാണ് സി.ജെ. തോമസ്. അവൻ വീണ്ടും വരുന്നു. ആ മനുഷ്യൻ നീ തന്നെ, 1128-ൽ ക്രൈം 27, ശലോമി, പിശുക്കൻെറ കല്യാണം, വിഷവൃക്ഷം എന്നിവയാണ് സി.ജെ. യുടെ നാടകങ്ങൾ. സൊഫോക്ളിസ്, ഇബ്സൻ, കാറൽ ചാപ്പെക്ക്, അരിസ്റേറാഫെനസ് തുടങ്ങിയ വിശ്വപ്രസിദ്ധ നാടകകൃത്തുക്കളുടെ കൃതികൾ അദ്ദേഹം മലയാളത്തിലേയ്ക്ക് വിവർത്തനം ചെയ്തിട്ടുമുണ്ട്. 'ഉയരുന്ന യവനിക' എന്ന പേരിൽ എഴുതിയിരുന്ന നാടകസിദ്ധാന്ത ഗ്രന്ഥം മലയാളത്തിലെ ആദ്യത്തെ ശ്രദ്ധേയമായ നാടകവിമർശന ഗ്രന്ഥവുമാണ്. ഉപന്യാസകാരൻ, ചിന്തകൻ,

ചിത്രകാരൻ എന്നീ നിലകളിലും സി.ജെ. പ്രസിദ്ധനാണ്. മലയാളത്തിലെ യുവബുദ്ധിജീവികൾക്ക് ആചാര്യനാണ് സി.ജെ. അദ്ദേഹത്തിന്റെ വിഖ്യാതമായ **'അവൻ വീണ്ടും വരുന്നു'** എന്ന നാടകത്തിന്റെ ഒരു ദൃശ്യം പ്രാതിനിധ്യ സ്വഭാവത്തോടെ പാഠ്യവിഷയമാക്കുകയാണ്.

## പാഠം-2 അവൻ വീണ്ടും വരുന്നു.

### രംഗം മൂന്ന്

ഒന്നാംരംഗത്തിലെ മുറി. കറിസാമാനങ്ങളും കോഴിയും കാണുന്നില്ല. സ്റ്റൂളിന്റെ മുകളിൽ റാന്തൽ കത്തിച്ചുവച്ചിരുന്നു. സാറാമ്മ വിചാരമഗ്നയായി തൈരുകലക്കിക്കൊണ്ടിരിക്കുന്നു. ഒരു ചൂലുമായി അമ്മ പ്രവേശിക്കുന്നു.

**അമ്മ**

ഉപ്പ കിട്ടണ കടുകുപോലും ചീത്തയാ. ഒരൊററ എണ്ണം പൊട്ടണ്ടേ. ഇങ്ങനെയൊണ്ടോ ഒരു യുദ്ധം. എല്ലാം മറിച്ചാൻകുറിച്ചാൻ.കടുകു പൊട്ടൂല്ല; മണ്ണെണ്ണ കത്തൂല്ല. ഒന്നും പണ്ടത്തെപ്പോലെയല്ല. ഇതെന്നാ വണ്ടി വന്നിട്ടു നേരം കൊറച്ചായല്ലോ? അവനെന്താ താമസിക്കുന്നത്? കുഞ്ഞോർക്കിയേം കണ്ടില്ലല്ലോ! അവിടെയെങ്ങാൻ നിക്കാരിക്കും.

**സാറാമ്മ**

(സംശയത്തോടുകൂടി)

ഇനി വന്നിട്ടില്ലായിരിക്കുമോ?

**അമ്മ**

ഏയ് വരാതിരിക്കൂല്ല. നീ ആ മുടിയൊക്കെ ഒന്നു കെട്ടിവയ്ക്ക്. ഒരു നല്ല തുണീം എടുത്തുടുക്ക്. കണ്ടാൽ ഒരു വർക്കത്തുവേണ്ടേ? (ദൂരത്തിൽ വിസിൽശബ്ദം. സാറാമ്മ ഞെട്ടുന്നു) നീ എന്തിനാ പെണ്ണേ ഞെട്ടണത്? വണ്ടി പോണതാ അത്. അവനിപ്പം വരും.

**ശബ്ദം**

(ദൂരത്തിൽ)

അവൻ വീണ്ടും വരുന്നു! അവൻ വീണ്ടും വരുന്നു!

**സാറാമ്മ**

(സ്തബ്ധയായിത്തീരുന്നു. അല്പസമയം കഴിഞ്ഞ്)

അയ്യോ! എന്റെ ദൈവമേ! എനിക്കു വയ്യായേ—എന്റെ—

(ഭ്രാന്തിയെപ്പോലെ എഴുന്നേററോടുന്നു. തൈർക്കലത്തിൽ കാലുതട്ടി മറിഞ്ഞുവീഴുന്നു. ദൂരത്തിൽ പാഞ്ഞുപോകുന്ന തീവണ്ടിയുടെ ശബ്ദം കേൾക്കുന്നു. അമ്മ ഓടിച്ചെന്ന് താങ്ങി എഴുന്നേല്പിക്കുന്നു.)

**അമ്മ**

അയ്യോ! ഈ പെണ്ണെന്താ കാണിച്ചത്!—സാറാമ്മേ, മോളേ സാറാമ്മേ—മോളേ കണ്ണുതുറന്നേ. (സാറാമ്മയെ താങ്ങി എഴുന്നേല്പിച്ച് ഒരു കട്ടിലിൽ കിടത്തുന്നു. സാറാമ്മയ്ക്ക് അനക്കമില്ല. ഒരു കറുത്ത കണ്ണടയും ധരിച്ചു കുഞ്ഞുവർക്കിയുടെ തോളിൽ കൈയിട്ടുംകൊണ്ടു മാത്തുക്കുട്ടി പ്രവേശിക്കുന്നു. അമ്മ കുറച്ചു വെള്ളമെടുത്തു മുഖത്തു തളിക്കുന്നു. എന്നിട്ടും അനക്കമില്ലെന്നുകണ്ടു ശ്വാസോച്ഛ്വാസം ശരിയാക്കുന്നതിനു അവർ സാറാമ്മയുടെ ബോഡീസിന്റെ കെട്ടഴിക്കുന്നു. വിളക്കെടുത്തുകൊണ്ടുവന്ന് അവർ സാറാമ്മയുടെ ശരീരം ആസകലം നോക്കുന്നു. എന്തോ പെട്ടെന്ന് അവരുടെ ശ്രദ്ധയിൽപെട്ടു ഞെട്ടുന്നു. ഒന്നുകൂടി സൂക്ഷിച്ചുനോക്കുന്നു. സംഭ്രാന്തിയോടുകൂടി പിടഞ്ഞെണീററു മാറത്തടിച്ചുകൊണ്ട്) ഹയ്യോ! ചതിച്ചോടീ! അയ്യോ! എന്റെ ദൈവമേ! ഇതും കാണാനെടവന്നല്ലോ. അതും അവൻ വരണ ദിവസം. എന്റെ മാത്തുക്കുട്ടീ, നീ വരുമ്പോൾ ഞാൻ എന്നാ പറയണത്?—(തലയ്ക്കു കൈയുംകൊടുത്തു നിലത്തിരിക്കുന്നു) എന്റെ ദൈവമേ!

(മാത്തുക്കുട്ടി വാതില്ക്കൽനിന്നുകൊണ്ട് അമ്മ പറയുന്നതുമുഴുവനും കേൾക്കുന്നു. അവനു കാര്യം ഏതാണ്ടു മനസ്സിലാവുകയും പെട്ടെന്നു കുപിതനാവുകയും ചെയ്യുന്നു. ശരീരം വികാരാവേഗംകൊണ്ടു വിറയ്ക്കുന്നു. വിരലുകൾ അസ്വസ്ഥതകൊണ്ടു പിടയുകയും ചെയ്യുന്നു. കുഞ്ഞുവർക്കിയുടെ മുഖത്ത് ഒരപരാധിയുടെ ഭാവമാണ്. അയാൾ മാത്തുക്കുട്ടിയുടെ അന്ധനയനങ്ങളിലേക്ക് ഭയചകിതനായി ഇടയ്ക്കിടയ്ക്കു നോക്കുന്നുണ്ട്. മാത്തുക്കുട്ടിയെ വിട്ടു ദൂരെ മാറിനില്ക്കണമെന്നയാൾക്ക് ആഗ്രഹമുണ്ടെങ്കിലും മാത്തുക്കുട്ടിയുടെ നിസ്സഹായതയോർത്തായിരിക്കാം മനസ്സില്ലാമനസ്സോടെ അവിടെത്തന്നെ നില്ക്കുന്നു.)

**മാത്തുക്കുട്ടി**
(കനത്ത ശബ്ദത്തിൽ)

സാറാമ്മേ!

(അമ്മ ഞെട്ടി തിരിഞ്ഞുനോക്കുന്നു. അല്പാല്പമായി ബോധം വീണു തുടങ്ങിയ സാറാമ്മ സാവധാനത്തിൽ എഴുന്നേററ് അമ്മയെ കെട്ടിപ്പിടിച്ചുകൊണ്ടു നില്ക്കുന്നു. കുഞ്ഞുവർക്കി നിലത്തുതന്നെ നോക്കിക്കൊണ്ടിരിക്കുന്നു.)

**അമ്മ**
മാത്തുക്കുട്ടീ, മോനേ, നിന്നെ ഒന്നു ക....

**മാത്തുക്കുട്ടി**
ഛീ! നിറുത്ത്. നിങ്ങളുടെ പ്രസംഗമൊന്നും എനിക്കു കേൾക്കണ്ട. സാറാമ്മേ, സാറാമ്മേ! അവളിവിടെയില്ലേ?

**അമ്മ**
(അവ്യക്തമായി)
ഉണ്ട്

**മാത്തുക്കുട്ടി**
അവൾക്കു മിണ്ടിക്കൂടേ?

**അമ്മ**
നിൻെറ കണ്ണിനെന്തുപററി മോനേ?

**മാത്തുക്കുട്ടി**
എൻെറ കണ്ണിൻെറയും കാലിൻെറയും കാര്യമല്ല, പറഞ്ഞത്. സാറാമ്മ എന്തുചെയ്തു? സാറാമ്മേ എങ്ങനെ കുടുംബത്തിൻെറ മാനം കളഞ്ഞുവെന്നാണ് ചോദിച്ചത്.

**അമ്മ**
അവൾ... അവൾ ഒന്ന്... വീണു. മുഖത്തു വെള്ളംതളി....

**മാത്തുക്കുട്ടി**
(കോപം അടക്കാൻകഴിയാതെ കുഞ്ഞുവർക്കിയെ വിട്ട് രണ്ടടി മുന്നോട്ടു വെച്ചു.)

കണ്ണു പൊട്ടിയതായതുകൊണ്ട് കള്ളംപറഞ്ഞു കളിപ്പിക്കാമെന്നായിരിക്കും. ഇല്ല. ഇനി അതു നടപ്പില്ല. ഞാനെല്ലാം കേട്ടുകഴിഞ്ഞു. അവൾ പറയുമോ എന്നറിയട്ടെ!

**അമ്മ**
എൻെറ മോനേ—

**മാത്തുക്കുട്ടി**
നിറുത്താൻ പറഞ്ഞാൽ! നിങ്ങളുടെ ഒരു സ്നേഹം! അതല്ലേ കണ്ണുകളഞ്ഞു യുദ്ധംചെയ്തു പണമയച്ചുതന്നു പോററിയിട്ട്, വരുമ്പോൾ തയാറാക്കിവെച്ചിരിക്കുന്നത്? സ്നേഹം! (പുച്ഛഭാവത്തിൽ പല്ലുകടിക്കുന്നു) നിങ്ങളൊന്നും പറയണ്ട. അവളുടെ കഥ അവൾതന്നെ പറയട്ടെ,—എടീ സാറാമ്മേ!

**സാറാമ്മ**
(വളരെ താഴ്ന്ന ശബ്ദത്തിൽ)
എന്തോ?

**മാത്തുക്കുട്ടി**
അപ്പോൾ നിനക്കു കേൾക്കാം, അല്ലേ? നീ ഇവിടെ വാ.

(അവൾ സാവധാനം അടുത്തുചെല്ലുന്നു. മാത്തുക്കുട്ടി തപ്പിനോക്കുന്നു. സാറാമ്മ കൈകൾ രണ്ടും സ്വയം മാത്തുക്കുട്ടിയുടെ കൈയിൽ കൊടുക്കുന്നു.)

**മാത്തുക്കുട്ടി**
എടീ, അമ്മ പറഞ്ഞതൊക്കെ ശരിയാണോ?

**അമ്മ**
(ഓടിവന്ന് മാത്തുക്കുട്ടിയുടെ കൈയ്ക്കു പിടിച്ചുകൊണ്ട്)

അവളെ അടിക്കല്ലേ മോനേ. അവൾക്ക്....

**മാത്തുക്കുട്ടി**
അതിൻെറ ഇടയ്ക്കു കയറിവരാൻ നിങ്ങളോടാരു പറഞ്ഞു? എടീ സാറാമ്മേ, പറയൂ. ആരാണ് നിന്നെ ഇങ്ങനെ ആക്കിയത്?

**സാറാമ്മ**
(നിലത്തു നോക്കിക്കൊണ്ട്)
എന്നിക്കു വയ്യാ.

**മാത്തുക്കുട്ടി**
**നിന്നോടു ചോദിച്ചതിനുത്തരം പറയാനാ പറഞ്ഞത്.**

(സാറാമ്മ നിസ്സഹായതയോടെ കുഞ്ഞുവർക്കിയെ നോക്കുന്നു. ആ നോട്ടം സഹിക്കാൻ നിവൃത്തിയില്ലാതെ കുഞ്ഞുവർക്കി മുറിയുടെ മറുഭാഗത്തേക്കു നടക്കുന്നു. സാറാമ്മ കരഞ്ഞുകൊണ്ടു പറയുന്നു.)

**സാറാമ്മ**
**അതെന്നോടു ചോദിക്കല്ലേ. എന്നെ അടിച്ചോളൂ. കൊന്നോളൂ. ഇവിടെനിന്ന് ഇറക്കിവിട്ടുകൊള്ളൂ. അതുമാത്രം എന്നോടു ചോദിക്കല്ലേ! ഞാൻ പറയുകയില്ല.**

(കരഞ്ഞുകൊണ്ടു മാത്തുക്കുട്ടിയുടെ കാല്ക്കൽ വീഴുന്നു. അയാൾ പിടിച്ചെഴുന്നേല്പിച്ചു നിറുത്തുന്നു.)

**മാത്തുക്കുട്ടി**
**നേരേ നില്ക്കെടീ, നീ പറയുകയില്ലെന്നല്ലേ? നിന്നെക്കൊണ്ടു പറയിപ്പിക്കാം. (ചവിട്ടാൻ കാലെടുക്കുന്നു. വേണ്ടെന്നുവെച്ച് അവളുടെ തലമുടിയിൽ പിടിക്കുന്നു.) എടീ, ചോദിച്ചതിന് ഉത്തരം പറയാനാ പറഞ്ഞത്.**

**സാറാമ്മ**
(നിശ്ശബ്ദയായി നില്ക്കുന്നു. മാത്തുക്കുട്ടി തലമുടിപിടിച്ചു കുലുക്കുന്നു.)

**ഇല്ല. ഞാൻ പറയുകയില്ല.**

**മാത്തുക്കുട്ടി**
(കോപം പിന്നെയും വർദ്ധിക്കുന്നു)

**ഇല്ല! ഇല്ലേ തേവിടിശ്ശി! നീ പറയുമോ എന്നു ഞാനൊന്നു നോക്കട്ടെ.**

(കഴുത്തിനു പിടിക്കുന്നു. കുഞ്ഞുവർക്കി ഓടിച്ചെന്നു തടയുന്നു)

**കുഞ്ഞുവർക്കി**
**വേണ്ടാ, മാത്തുക്കുട്ടീ വേണ്ട. സാറാമ്മയെ ചവിട്ടരുത്. ഞാനാണിതിനുത്തരവാദി. അവൾ സാധു. ഞാനാണവളെ വഴിതെററിച്ചത്. ഞാൻ നിങ്ങളെ എല്ലാവരേയും വഞ്ചിച്ചു. നിങ്ങളുടെ ഔദാര്യം ഞാൻ ദുരുപയോഗപ്പെടുത്തി. എനിക്ക് മാപ്പിനവകാശമില്ല. പക്ഷേ, ആ പാവത്തിനെ തല്ലരുതേ.**

(എല്ലാവരും സ്തബ്ധരാകുന്നു. അമ്മ പെട്ടെന്ന് കോപാക്രാന്തയായി കുഞ്ഞുവർക്കിയുടെ നേരെ തിരിയുന്നു.)

**അമ്മ**
**കുടുംബത്തിൽ കേററാൻ കൊള്ളൂല്ലാത്ത ദുഷ്ടാ! എറങ്ങ് പൊറത്ത്. വിശ്വസിച്ചു വീട്ടിൽക്കേററി കാപ്പിയും ചോറും തന്നു സല്ക്കരിച്ചതിൻെറ നന്ദി കാണിച്ചത്! നന്ദിയില്ലാത്ത പട്ടീ! ഉം, എറങ്ങ്.**

**കുഞ്ഞുവർക്കി**
**വല്യമ്മേ, ദേഷ്യപ്പെടേണ്ട. ഞാൻ പോവുകയാണ്. ഞാൻ നിങ്ങളോടൊക്കെ ചതിയാണു ചെയ്തത്. മാത്തുക്കുട്ടീ! എനിക്കുവേണ്ടി എനിക്കൊന്നും പറയാനില്ല. എങ്കിലും ഒന്നുണ്ട്: വരാനുള്ളതു വന്നു. സാറാമ്മ അവളുടെ തെററിനു വേണ്ടതിലധികം അനുഭവിച്ചുകഴിഞ്ഞിട്ടുണ്ട്. ഇനി അവളെ തല്ലുന്നതു കഷ്ടമാണ്. ഞാനാണു തെററുകാരൻ. വല്യമ്മേ! ഞാൻ പോകുകയാണ്. നിങ്ങൾ ചെയ്തിട്ടുള്ള സഹായങ്ങൾക്കു നന്ദി കാണിക്കാൻ ഞാൻ അശക്തനാണ്. മാത്തുക്കുട്ടി, ക്ഷമിക്കുക.**

(നടന്നുപോകുന്നു. സാറാമ്മ നോക്കിനില്ക്കുന്നു. വാതിൽക്കൽവച്ചു കുഞ്ഞുവർക്കി തിരിഞ്ഞ് സാറാമ്മയെ നോക്കുന്നു; പക്ഷേ അവൾ മുഖം തിരിച്ചുകളയുന്നു. ഒരു നെടുവീർപ്പോടുകൂടി കുഞ്ഞുവർക്കി ഇറങ്ങിപ്പോകുന്നു.)

**അമ്മ**
(നോക്കി നിന്നിട്ട്)

**പാലുകൊടുത്ത കൈയക്കു കടിക്കുന്ന പാമ്പ്. ദുഷ്ടൻ! ഇവനൊന്നും നരകത്തിലും സ്ഥലം കിട്ടുകേല.**

**മാത്തുക്കുട്ടി**
**അവനെയെന്തിനാ പറയുന്നത്? ഇവളല്ലെ ആള്! അവനല്ലെങ്കിൽ മറെറാരുത്തൻ.**

**അമ്മ**
**നിനക്കും എറങ്ങി പൊയ്ക്കൂടേ അവൻെറകൂടെ? എന്തു നോക്കിനിക്കുവാ? നിനക്കവിടെയാ സ്ഥലം. (ചൂണ്ടിക്കാണിച്ചുകൊണ്ട്) അവിടെ—അവിടെ ആ റോട്ടിൽ.**

**മാത്തുക്കുട്ടി**
എന്നു തുടങ്ങിയെടീ, ഈ കച്ചോടം?

**സാറാമ്മ**
(മാത്തുക്കുട്ടിയുടെ അന്ധമായ മിഴികളുടെ മുമ്പിൽ തൊഴുതുകൊണ്ട്)

അയ്യോ! അങ്ങനെ പറയരുതേ, ഞാൻ തെററുകാരിയാണ്. അതിനെന്നെ ഇഷ്ടംപോലെ ശിക്ഷിച്ചോളു. ഒരു തെററിന്, സത്യം..... ഒരിക്കൽമാത്രം....

(കരയുന്നു)

**മാത്തുക്കുട്ടി**
(പരിഹാസമായി ചിരിച്ചുകൊണ്ട്)

ഇനി അവരം കണക്കുമായി വരികയാണ്. ശരിയായി! അവൻെറ കണക്കും അവളുടെ വേദാന്തവും!—കേരക്കട്ടെ. കേരക്കട്ടെ.

**അമ്മ**
ഈ മൂധേവി ഇവിടെ കേറിയതിപ്പിന്നെ—എൻെറ ദൈവമേ, നാശമല്ലാതെ ഒന്നും—ഓ!

(കൈകരം തലയ്ക്കു വെയ്ക്കുന്നു)

(മാത്തുക്കുട്ടി ചിരി നിർത്തുന്നില്ല. സാറാമ്മ പെട്ടെന്നു മാത്തുക്കുട്ടിയെ നോക്കി നില്ക്കുന്നു.)

**സാറാമ്മ**
(പെട്ടെന്ന് കുപിതയായി)
മതി. നിറുത്ത്, ഇനി ഞാനെന്തുവേണം? മരിക്കണോ? ഇത്ര ചിരിക്കാനെന്തിരിക്കുന്നു? ഞാൻ തെററുചെയ്തു. അതിനുമാത്രം അനുഭവിച്ചുകഴിഞ്ഞു. ഇനിയും എന്നെ ഇട്ടു ചവിട്ടുന്നതെന്തിന്? എന്നെ ഇറക്കിവിട്. ഇവിടെ നിറുത്തി കൊല്ലുന്നതെന്തിന്? ഞാനൊരു പെണ്ണാണ്. എനിക്കും ജീവിക്കണം. നാലുകൊല്ലം ആരുമേതുമില്ലാതെ, സ്നേഹിക്കാനും സഹായിക്കാനും ആരുമില്ലാതെ എന്നെ ഒററയ്ക്കിട്ടിട്ട് പേരിനു വിവാഹിതയെന്നും പറഞ്ഞ് ഇപ്പോരം വന്നിരിക്കുന്നു ചോദിക്കാൻ.

(പൊട്ടിക്കരയുന്നു. അപ്രതീക്ഷിതമായ സാറാമ്മയുടെ കോപംകണ്ട് അത്ഭുതാധീനനായ മാത്തുക്കുട്ടി പെട്ടെന്നുള്ള ഈ കരച്ചിൽ കാണുമ്പോരം ആകെ അമ്പരന്നുപോകുന്നു. അയാരം ക്ഷീണിച്ചു കസേര തപ്പുന്നു. സാറാമ്മ അതു മനസ്സിലാക്കി അയാളുടെ കൈയ്ക്കുപിടിച്ചു കസേരയിൽ ഇരുത്തുന്നു. എല്ലാവരും അല്പസമയം നിശ്ശബ്ദം.)

**അമ്മ**
(മാത്തുക്കുട്ടിയുടെ അടുത്തുചെന്ന്)

എൻെറ മോനേ, നിൻെറ കണ്ണിനെന്തുപററി? പറ മോനേ. അമ്മ കേരക്കട്ടെ. (അവർ മാത്തുക്കുട്ടിയെ പിടിച്ചുകുലുക്കിയിട്ടും അയാരം അനങ്ങുന്നില്ല. നിരാശയോടെ അവർ സാറാമ്മയുടെ നേരെ തിരിയുന്നു.) മൂശേട്ടാ! ഇവളെ കെട്ടിയിട്ടാ എൻെറ മോൻെറ കണ്ണു പോയത്. ശവം! ഇനി എന്തിനാടീ മിഴിച്ചു നോക്കിനിക്കണത്?

**ശബ്ദം**
(ദൂരത്തിൽ)

അവൻ വീണ്ടും വരുന്നു! സത്യവിശ്വാസികളേ ഒരുങ്ങിക്കൊരക. (സാറാമ്മ ശ്രദ്ധിച്ചിട്ട് ദേഷ്യം കൊണ്ടു പല്ലുകടിക്കുന്നു) അവൻ വരുമ്പോരം ഉണർവ്വുള്ള കന്യകകളെ അവൻ സ്വീകരിക്കും. (മാത്തുക്കുട്ടി തലയുയർത്തി ശ്രദ്ധിക്കുന്നു) അല്ലാത്തവരെ അവൻ ചാകാത്ത പുഴുവും കെടാത്ത തീയുമുള്ള നിത്യനരകത്തിലേക്കു വലിച്ചെറിയും. അവർക്ക്—ഹാ കഷ്ടം!

**അമ്മ**
**അതൊരു ഉപദേശിയാ മോനേ!**
**(മാത്തുക്കുട്ടി അതു കേരക്കുന്നില്ല. അയാരം ദാഹിക്കുന്നതുപോലെ കഴുത്തു തടവുന്നു. സാറാമ്മ കാര്യം മനസ്സിലാക്കി ഓടിച്ചെന്ന് വെള്ളമെടുത്തുകൊണ്ടുവന്നു കൊടുക്കുന്നു.)**

**സാറാമ്മ**
വെള്ളം!
(മാത്തുക്കുട്ടി വെള്ളം കുടിച്ചിട്ടു തപ്പിയും തടഞ്ഞും നടക്കുന്നു. അയാളുടെ മുമ്പിൽ കിടന്ന ഒരു സ്ററൂരം സാറാമ്മ എടുത്തു മാററുന്നു.)

**മാത്തുക്കുട്ടി**
(നിന്നിട്ട് ഇടറിയ സസ്വരത്തിൽ)
ദൈവമേ, എന്തിന് ഈ കഷ്ടപ്പാടുകരം എല്ലാം? എന്തെല്ലാം ഭയങ്കരകാഴ്ചകരം കണ്ടു! എന്തെല്ലാം നരകദു:ഖങ്ങരം അനുഭവിച്ചു! തലയററ മനുഷ്യശരീരങ്ങളിൽനിന്നു രക്തം ചീററിപ്പായുന്നതു കണ്ടിട്ടുണ്ട്. ആ നശിച്ച യുദ്ധത്തിൻെറ ഭയങ്കര ഫലങ്ങരം—

ബോമ്പുപൊട്ടി കാലും തലയും കൈയും കരവും എല്ലാം നാലുപാടും ചിതറുന്നതു കണ്ടിട്ടുണ്ട്. പ്രാണൻ പോയിട്ടില്ലാത്ത മനുഷ്യശരീരങ്ങൾ കുറുനരികൾ വലിച്ചിഴച്ചുകൊണ്ടുപോകുന്ന ഭയങ്കരകാഴ്ച! അയ്യോ!... അതൊന്നും ഇത്രയധികം എന്നെ വേദനിപ്പിച്ചിട്ടില്ല.... (കുറേക്കൂടി താഴ്ന്ന ശബ്ദത്തിൽ) അമ്മ മരിച്ചുപോയതായി ഞാൻ സ്വപ്നം കണ്ടിട്ടുണ്ട്. എന്റെ കണ്ണു പൊട്ടിയപ്പോൾ ഞാൻ മരിച്ചുപോകുമെന്നു ഡോക്ടർമാർ പറഞ്ഞു. പക്ഷേ... പക്ഷേ... (ദുസ്സഹമായ ദുഃഖത്തോടെ ദീർഘനിശ്വാസം ചെയ്യുന്നു.) എങ്കിലും എന്റെ സാറാമ്മേ നീ ഇത്...

**സാറാമ്മ**

(അടുത്തുവന്ന്)

അങ്ങനെ പറയരുതേ. ഞാൻ തെററു ചെയ്തുപോയി. ക്ഷമിക്കാൻ പാടില്ലാത്ത തെററ്. അതിന്റെയെല്ലാം ശിക്ഷ ഞാനനുഭവിച്ചുകൊള്ളാം. ഞാൻ ഒരു സുഖവും ഇച്ഛരിക്കുന്നില്ല... എങ്കിലും... ഒരു വേലക്കാരിയെപ്പോലെ...

(അവളുടെ ശബ്ദം ഇടറുന്നു. ശിരസ്സ് നമിച്ച് അവൾ മാത്തുക്കുട്ടിയുടെ പാദം തൊട്ടു നെററിയിൽ വയ്ക്കുന്നു.)

**മാത്തുക്കുട്ടി**

(സാറാമ്മയുടെ ശിരസ്സിൽ സസ്നേഹം തടവിക്കൊണ്ടു ഗദ്ഗദത്തോടെ)

കരയാതെ സാറാമ്മേ, കരയാതെ. (അല്പസമയം നിശ്ശബ്ദനായി നിന്നിട്ട്) അമ്മേ, എനിക്കു വിശക്കുന്നു.

കർട്ടൻ

## 14.4 പാഠസംഗ്രഹം

പട്ടാളത്തിൽപോയ മാത്തുക്കുട്ടിയുടെ പുനരാഗമനം കാത്തിരിക്കുന്ന ഒരു ദരിദ്രമദ്ധ്യ തിരുവിതാംകൂർ ഭവനമാണ് നാടകത്തിൽ കാണുന്നത്. യുദ്ധത്തിന്റെ കെടുതികളെക്കുറിച്ചാണ് ആദ്യം സൂചിപ്പിക്കുന്നത്. സാധനങ്ങൾക്കു വിലകൂടിയതോ മോശപ്പെട്ട സാധനങ്ങൾ വിപണിയിലെത്തിയതോ മാത്രമല്ല യുദ്ധം വരുത്തിവച്ചിരിക്കുന്ന വിപത്ത്. ആ വിപത്തിന്റെ ഭീകരതകൾ പിന്നീട് വ്യക്തമാകാനിരിക്കുന്നതേയുള്ളൂ. ഈ രംഗത്തിന്റെ ആരംഭത്തിൽത്തന്നെ അതിലേയ്ക്ക് ഒരു സൂചന നല്കിയിരിക്കുന്നു.

മാത്തുക്കുട്ടിയുടെ വരവു കാത്തിരിക്കുന്ന കുടുംബത്തിലെ അംഗങ്ങൾ എല്ലാവരും ഒരേ മനോഭാവത്തോടെയല്ല കഴിയുന്നത്. അമ്മക്ക് മകനെക്കുറിച്ചുള്ള ഉൽകണ്ഠ, അവനെ കാണാനുള്ള അഭിലാഷം, കാലം വരുത്തിയ വറുതികളെക്കുറിച്ചുള്ള പരാതികൾ എല്ലാമുണ്ട്. പക്ഷേ, മാത്തുക്കുട്ടിയുടെ ഭാര്യ സാറാമ്മയുടെ നില വ്യത്യസ്തമാണ്. അവൾ യുവതിയും പാപം ചെയ്തവളുമാണ്. ഭർത്താവിനോടു സ്നേഹമില്ലാത്തതുകൊണ്ടോ, ഭർത്താവിന്റെ സ്നേഹത്തിൽ വിശ്വാസമില്ലാത്തതുകൊണ്ടോ അല്ല. സാഹചര്യങ്ങൾ അവളെ ഒരു നിമിഷം പ്രലോഭിപ്പിച്ചു. അവൾ പാപിനിയാവുകയും ചെയ്തു. ഇപ്പോഴിതാ, ഭർത്താവു മടങ്ങി വരുന്നു. അയാളെ അഭിമുഖീകരിക്കാൻ അവൾക്ക് പ്രയാസമുണ്ട്. ട്രയിനിന്റെ വിസിൽ കേൾക്കുമ്പോൾ അവൾ നടുങ്ങിപ്പോകുന്നു.

അതിനിടയിലാണ് അശരീരി പോലെ അവൻ വീണ്ടും വരുന്നു എന്ന ശബ്ദം കേൾക്കുന്നത്. ഉപദേശി എന്ന കഥാപാത്രത്തിന്റെ ശബ്ദമാണ്. ബൈബിളിൽ ക്രിസ്തുവിന്റെ രണ്ടാം വരവിനെക്കുറിച്ചുള്ള വചനമാണത്. ക്രിസ്തുവിന്റെ രണ്ടാം വരവ് അന്ത്യവിധിയുടെ സന്ദർഭമാണ്. പാപം ചെയ്തവർക്ക് നിത്യനരകവും പുണ്യം ചെയ്തവർക്ക് സ്വർഗ്ഗവും ലഭിക്കുന്ന അന്ത്യവിധിയുടെ മുഹൂർത്തം. പാപിനിയായ സാറാമ്മ തന്റെ ചുററും നരകം വളർന്ന് തന്നെ വിഴുങ്ങുന്നത് കാണുന്നു. ആ കാഴ്ച അവളുടെ ബോധം നശിപ്പിക്കുന്നു; അവൾ തളർന്നു വീഴുന്നു.

മോഹാലസ്യപ്പെട്ടു കിടക്കുന്ന സാറാമ്മയെ സൂക്ഷിച്ചു നോക്കിയ അമ്മയ്ക്ക് കാര്യങ്ങൾ മിക്കവാറും പിടികിട്ടി. ഭർത്താവു മടങ്ങി വരുന്ന ആഹ്ളാദകരമായ സന്ദർഭത്തിൽ അവൾ എന്തു കൊണ്ടിങ്ങനെ വിഷാദമഗ്നയായി കാണപ്പെടുന്നു എന്ന ചോദ്യത്തിനുത്തരം അവൾക്കു ലഭിച്ചു.

അമ്മയുടെ വിലാപസ്വരത്തിലുള്ള വാക്കുകൾ കേട്ടുകൊണ്ടാണ് മാത്തുക്കുട്ടി വരുന്നത്. അയാൾക്കും കാര്യങ്ങൾ മനസ്സിലായിത്തുടങ്ങിയിരിക്കുന്നു. എന്തെല്ലാം പ്രതീക്ഷയോടെയാണ് മടങ്ങിവന്നത്. പക്ഷേ, തന്നെ സ്വീകരിക്കുന്ന വീട്ടിന്റെ അവസ്ഥയോ? വിവിധ വികാരങ്ങൾ അലതല്ലുന്ന ഹൃദയത്തിന്റെ പ്രതികരണങ്ങൾ അയാളുടെ വാക്കുകളിൽ വ്യക്തം.

സ്നേഹത്തിൻെറയും പാപബോധത്തിൻെറയും നിസ്സഹായതയുടെയും ഭാവങ്ങൾ ഇഴപിരിഞ്ഞ് മുറുക്കുന്നത് ഈ ഭാഗത്തു കാണാം.

## പുരോഗതി സ്വയം പരിശോധിക്കുക—2

2) 1. ആ പാവത്തിനെ തല്ലരുതേ. ആരെ? എന്തുകൊണ്ട്?

2. പാലു കൊടുത്ത കൈയ്ക്ക് കടിക്കുന്ന പാമ്പ്. എന്താണ് ഈ ശൈലിയുടെ ആശയം?

3. 'ഇപ്പോൾ വന്നിരിക്കുന്നു ചോദിക്കാൻ' ആര് ആരെ ഉദ്ദേശിച്ച് പറയുന്നു.

4. 'അതൊന്നും ഇത്രയധികം വേദനിപ്പിച്ചിട്ടില്ല.' ഏതൊന്നും?

5. 'കരയാതെ സാറാമ്മേ, കരയാതെ' ഈ സംഭാഷണം മാത്തുക്കുട്ടിയുടെ ഏതു മനോഭാവത്തെ സൂചിപ്പിക്കുന്നു?

## 14.5 വിഷയാവതരണം

മലയാളനാടക സാഹിത്യം ഗൗരവപൂർവ്വം പഠിക്കേണ്ട ഒരു വിഷയമാക്കിത്തീർത്തത് പ്രൊഫ. എൻ. കൃഷ്ണപിള്ളയാണ്. ആഴംകുറഞ്ഞ ഹാസ്യത്തിൽക്കവിഞ്ഞൊന്നുമല്ല നാടകമെന്ന ധാരണയെ തിരുത്താൻ കഴിഞ്ഞ ശക്തമായ നാടകങ്ങൾ രചിച്ചുകൊണ്ടാണ് അദ്ദേഹം അതു സാധിച്ചത്. നോർവീജിയൻ നാടകകൃത്തായ ഇബ്സൻ ആണ് എൻ. കൃഷ്ണപിള്ളയെ വളരെയധികം ആകർഷിച്ചിട്ടുള്ളത്. യൂറോപ്പിൽ നാടകസാഹിത്യാന്തരീക്ഷത്തിൽതന്നെ ഒരു നവ്യചലനം തുടങ്ങിവച്ചത് ഇബ്സനാണല്ലോ.

ഭഗ്നഭവനം, കന്യക, ബലാബലം, അഴിമുഖത്തേയ്ക്ക് എന്നിങ്ങനെ ധാരാളം നാടകങ്ങൾ പ്രൊഫ. കൃഷ്ണപിള്ള എഴുതിയിട്ടുണ്ട്. സാഹിത്യചരിത്രകാരൻ, വിമർശകൻ, അദ്ധ്യാപകൻ എന്നീ നിലകളിൽ അദ്ദേഹം അത്യന്തം പ്രശസ്തനാണ്. കേരള സാഹിത്യ അക്കാദമി, കേന്ദ്ര സാഹിത്യ അക്കാദമി, വയലാർ രാമവർമ്മ ട്രസ്ററ് തുടങ്ങിയ സ്ഥാപനങ്ങളുടെ പുരസ്കാരങ്ങൾക്ക് അദ്ദേഹം അർഹനായിട്ടുണ്ട്.

കൃഷ്ണപിള്ളയുടെ ബലാബലം എന്ന പ്രശസ്ത നാടകത്തിൻെറ ഒരു ദൃശ്യം നാടകീയമുഹൂർത്തത്തിൻെറ മാതൃക മനസ്സിലാക്കുന്നതിനായി ഇവിടെ ചേർത്തിരിക്കുന്നു. ശ്രദ്ധിച്ചു വായിച്ച് പഠിക്കുക.

### പാഠം–3 ബലാബലം

(തിരുവനന്തപുരത്തെ ധനാഢ്യമായ 'ബവർ വില്ലാ' എന്ന ഭവനം. നാഗരികരീതിയിൽ ഏററവും കമനീയമായി ഒരുക്കിയിട്ടുള്ള പൂമുഖം. അവിടെ ചുവരിൽതൂങ്ങുന്ന വലിയ ആകൃതിയിലുള്ള എണ്ണച്ഛായപ്പടം ആരെയും ഒററ നോട്ടത്തിൽ ആകർഷിക്കും. ഗംഭീരദൃഷ്ടികളും പരാക്രമദ്യോതകമായ ഉഗ്രൻ മീശയും കസവു തലപ്പാവും കണ്ടാൽ, ആ രൂപം വലിയ ഒരു പ്രമാണിയുടേതാണെന്നു തോന്നിപ്പോകും. സാധനങ്ങൾ അടുക്കിവച്ചിരിക്കുന്നതിൻെറ രീതിയും ക്രമവും ഏതു ഗൃഹലക്ഷ്മിക്കും മാതൃകയാണ്.

സമയം സായാന്ഹം. ലക്ഷ്മിയമ്മയും പണിക്കരും സംസാരിച്ചുകൊണ്ടിരിക്കുന്നു. പ്രൗഢതതികഞ്ഞ ലക്ഷ്മിയമ്മക്ക് അമ്പതോളം വയസ്സു പ്രായമുണ്ടെങ്കിലും വാർദ്ധക്യത്തിൻെറ വിദൂരച്ഛായപോലും ആ മുഖത്തും ശരീരത്തിലും ഏശിയിട്ടില്ല. വേഷത്തിലുമില്ല, പ്രായത്തിൻെറ സൂചനയൊന്നുംതന്നെ. പണിക്കർ പഴക്കം ചെന്ന ഒരു സഞ്ചാരയന്ത്രമാണ്. ഇന്നൊരു വീട്ടിൽ, നാളെ വേറൊരിടത്ത്, എന്ന മട്ടിൽ ചുററിക്കറങ്ങി നടക്കുന്ന ഒരാൾ. മേശപ്പുറത്ത് ഒരു വെള്ളിച്ചെല്ലം ഇരിപ്പുണ്ട്.)

ലക്ഷ്മിയമ്മ: പണിക്കരേ, വന്നിട്ടെത്ര നേരമായി!! ഇതുവരെ മുറുക്കിയില്ലല്ലോ. ഹോ! ഇത്രയും നേരം മുറുക്കാതിരുന്നാലെൻെറ കാര്യം! (സംസാരിച്ചുകൊണ്ടിരുന്ന വിഷയത്തിലേക്ക് കടന്ന്) എന്നിട്ട്, സൗകര്യം കുറവായതുകൊണ്ട്, ഞാനതങ്ങു വിററു.

പണിക്കർ: (മുറുക്കിത്തുടങ്ങുന്നു) അതു വലിയ മിടുക്കായിപ്പോയി. സംശയിക്കാനുണ്ടോ! ഇപ്പോഴവിടെ എന്തെല്ലാം കുഴപ്പങ്ങളാണ്! ശിവ ശിവ!

ലക്ഷ്മിയമ്മ: ഇനി ആപ്പണം കൊണ്ട് വിതുര ഒരെസ്റേററ് വാങ്ങണം. എടപാട് ഏതാണ്ട് പറഞ്ഞൊതുക്കിക്കഴിഞ്ഞു.

പണിക്കർ: ശരിയാണ്, ശരിയാണ്. ഇപ്പോൾ പണം കൈയിൽ വച്ചുകൊണ്ടിരിക്കാമോ? വസ്തുവിലാക്കണം, വസ്തുവിലാക്കണം.

ലക്ഷ്മിയമ്മ: എങ്ങനെയും പണിക്കരേ, ഈ കുഞ്ഞുങ്ങളുടെ കാര്യം എന്റെ കാലംവരെ നേരേതന്നെ കൊണ്ടുപോണ്ടേ? പക്ഷേ, പണിക്കരേ, പക്ഷേ,—

പണിക്കർ: എന്തോന്നു 'പക്ഷേ' അമ്മച്ചീ? അമ്മച്ചി അങ്ങനെ പറയുന്ന കൂട്ടത്തിലല്ലല്ലോ.

ലക്ഷ്മിയമ്മ: (ദീർഘനിശ്വാസത്തോടെ) അതിൽപ്പിന്നെ ഇവരുടെ കാര്യം ആരുനോക്കും? എല്ലാം അന്യാധീനത്തിലാകും. അതിനു തക്ക തന്റേടം അവർക്കുണ്ടോ? അവരുടെ അച്ഛനു തന്റേടമില്ലായിരുന്നെങ്കിൽ എനിക്കുണ്ടായിരുന്നു. അതുകൊണ്ടു കുഴപ്പമൊന്നും പററിയില്ല.

പണിക്കർ: കൊള്ളാം, കൊള്ളാം. ആദ്യത്തിന് ഈവക കാര്യങ്ങളെപ്പററി വല്ല നോട്ടവുമുണ്ടായിരുന്നോ? പിന്നെ, അമ്മച്ചിയുടെ ചൊല്പടിയിലായതുകൊണ്ടല്ലേ വലിയ നാനാവിധങ്ങളൊന്നും കൂടാതിരുന്നത്. അമ്മച്ചിയില്ലെങ്കിൽ അറിയാമായിരുന്നു.

ലക്ഷ്മിയമ്മ: (അഭിമാനപൂർവ്വം) ഞാൻ വരയ്ക്കുന്ന വരയ്ക്കപ്പുറം അദ്ദേഹം പോകാതിരുന്നതുകൊണ്ട് ഇത്രയുമിപ്പോഴുണ്ട്. (ഭൂതകാലസ്മരണയോടെ) കേട്ടോ പണിക്കരേ, ആദ്യകാലത്തൊക്കെ എന്തു പാടായിരുന്നെന്നോ പുള്ളിയെ മെരുക്കിയെടുക്കാൻ! പണിക്കർക്കു കേൾക്കണ്ടേ? രസമുള്ള കഥയാണ്. പുകയില ആ വെള്ളി ഡപ്പിയിൽ കിടക്കുന്നതുതന്നെ എടുത്തോളൂ. ഏലത്തരിയുമുണ്ട്.

പണിക്കർ: (കൗതുകം അഭിനയിക്കുന്നു) അമ്മച്ചി പറഞ്ഞാൽ ഏതിനുമുണ്ടല്ലോ ഒരു രസം!

ലക്ഷ്മിയമ്മ: എന്നെ അദ്ദേഹം കൊണ്ടുവന്നിടയ്ക്ക് എനിക്ക് ആ മുഖത്തു നോക്കാൻ തന്നെ എന്തു പേടിയായിരുന്നു! സിംഹത്തിന്റെ ഗാംഭീര്യമല്ലേ? അധികമങ്ങനെ മിണ്ടുമോ! നാം ഉറച്ചൊന്നു നടന്നുപോയാൽ ദുർവ്വാസാവിന്റെ കോപം!

പണിക്കർ: അതു പിന്നെ അറിഞ്ഞുകൂടേ ആ മജിസ്ട്രേട്ടിനെ കാലു വലിച്ചടിച്ചത്; ആ മേനോൻ ജഡ്ജിയെ കോടതിക്കകത്തുവച്ചു ചീത്ത പറഞ്ഞത്?

ലക്ഷ്മിയമ്മ: ആദ്യമൊക്കെ പരിഭ്രമിച്ചെങ്കിലും, ഞാനും വിചാരിച്ചു ഈ വിക്രമിയെ നേരേ വിട്ടുകൂടെന്ന്. അങ്ങനെ വിട്ടാൽ പിന്നെ കൂടെപ്പൊറുക്കാൻ വല്ല സുഖവുമുണ്ടോ? (സരസമായൊന്നു ചിരിക്കുന്നു.)

പണിക്കർ: അമ്മച്ചി പിടിച്ചേടത്തുതന്നെ നിന്നല്ലോ കാര്യം! ഒടുക്കം തുമ്മണമെങ്കിൽ അമ്മച്ചി പറയണമെന്നായില്ലേ?

ലക്ഷ്മിയമ്മ: എത്ര എളുപ്പം പണിക്കരതങ്ങു പറഞ്ഞു. ഈശ്വരാ, അതിനു ഞാൻ പെട്ട പാട്! ദേഷ്യപ്പെട്ടു വിറയ്ക്കുമ്പോൾ മനസ്സിനുള്ളിൽ ചിരിയാണെങ്കിലും പേടിച്ചരണ്ടമട്ടു നില്ക്കണം, സ്നേഹം കൂടിയടുക്കുമ്പോൾ പരിഭവിച്ചകലണം; എത്ര താമസിച്ചു വന്നാലും അദ്ദേഹം ഉണ്ടിട്ടേ ഉണ്ണൂ എന്നു വയ്ക്കണം; കുഞ്ഞുങ്ങൾ അദ്ദേഹത്തിന്റെ തത്സ്വരൂപമെന്ന്, കേൾക്കാനല്ലെന്ന മട്ടിൽ, ദിവസം അഞ്ചാറുതവണ പറയണം; ഒരു ജലദോഷപ്പനി വന്നാൽപ്പോലും കുളിക്കാതെയും ഉണ്ണാതെയും അടുക്കൽ നിന്നു പരിചരിക്കണം—എന്റെ പണിക്കരേ, എന്തെല്ലാം വേണ്ടിയിരുന്നു വഞ്ചി ഉദ്ദേശിച്ച കടവിൽത്തന്നെ എത്തിക്കാൻ!

പണിക്കർ: എത്ര കഷ്ടപ്പെട്ടാലെന്ത്! കാര്യലാഭമുണ്ടായല്ലോ.

(പങ്കജം പ്രവേശിച്ചു ദൂരെ മാറിനില്ക്കുന്നു. വിശ്വവിജയിയായ സൗന്ദര്യത്താൽ അനുഗൃഹീതയാണവൾ. തമ്മിൽ കൂട്ടിമുട്ടുന്ന പുരികങ്ങളുടെ വക്രതയും, എവിടെയും തുളച്ചുകയറാൻ കഴിവുള്ള വിശാലനയനങ്ങളും, നെരുങ്ങിനീണ്ട ഇമകളും, നേർത്തമർന്നചുണ്ടും, ചൈതന്യത്തിന്റെ ഉറവിപ്പിടങ്ങളാണ്. വീട്ടുവേഷമാണു ധരിച്ചിരിക്കുന്നതെങ്കിലും, അതിലും കാണാം ഗണ്യമായ ഒരു. പരിഷ്കാരബോധം. പ്രായം ഇരുപത്തഞ്ചോടടുക്കും. തന്റേടവും കൂസലില്ലായ്മയും ചേഷ്ടകളിലും ഭാവങ്ങളിലും സ്പഷ്ടം)

ലക്ഷ്മിയമ്മ: (ഗൗരവത്തോടെ) ശേഖരനു കുളിക്കാൻ വെള്ളം ചൂടായോ?

പങ്കജം: (ഉദാസീനമായി) ചൂടുവെള്ളം വേണ്ടെന്നു പറഞ്ഞു.

ലക്ഷ്മിയമ്മ: ആരു പറഞ്ഞു? നീ തന്നെ നിശ്ചയിച്ചോ?

പങ്കജം: അല്ല. അദ്ദേഹംതന്നെ പറഞ്ഞു.

ലക്ഷ്മിയമ്മ: നീ ചോദിച്ചു അല്ലേ?

പങ്കജം: അതേ.

ലക്ഷ്മിയമ്മ: (സകോപം) ആരു പറഞ്ഞു, നിന്നോടു ചോദിക്കാൻ? ഞാൻ പറഞ്ഞില്ലേ നേരത്തേ, ചൂടുവെള്ളം വേണമെന്ന്.

പങ്കജം: (കുലുക്കം കൂടാതെ) കുളിക്കുന്നാളിനോടു ചോദിക്കാമെന്നു കരുതി.

പണിക്കർ: കുഞ്ഞിനിപ്പം ചോദിച്ചിട്ടെന്തു വേണം?

പങ്കജം: ശരിയാണ്; ഞാൻ ചോദിക്കാൻ പാടില്ല.

ലക്ഷ്മിയമ്മ: (അർത്ഥഗർഭമായി ഒന്നു മൂളുന്നു) എനിക്കു വർത്തമാനം പറയാൻ നേരമില്ല. നീ പോയി എളുപ്പം ഊണു കാലമാക്ക്.

പങ്കജം: ഊണു വേണ്ടെന്നു പറഞ്ഞു.

ലക്ഷ്മിയമ്മ: ഉം? കാരണം?

പങ്കജം: (ഉദാസീനമായി) എനിക്കറിഞ്ഞുകൂടാ.

ലക്ഷ്മിയമ്മ: ഉം. ഊണുമതി. ഉണ്ണാതിരുന്നാൽ ദേഹം ക്ഷീണിക്കും.

(പങ്കജം ശ്രദ്ധിക്കുന്നതേയില്ല)

പണിക്കർ: കുഞ്ഞുപോയി ഊണു കാലമാക്കണം.

ലക്ഷ്മിയമ്മ: നീ പൊയ്ക്കോ പങ്കജം.

(പങ്കജം അലക്ഷ്യമായി പോകുന്നു.)

പണിക്കർ: കണ്ടിട്ടു വലിയ വഴക്കാളിയാണെന്നാണല്ലോ തോന്നണത്

ലക്ഷ്മിയമ്മ: ആണെങ്കിലോ? (പരിഹാസപൂർവ്വം ചിരിക്കുന്നു)

പണിക്കർ: എവിടെ എറിക്കാനാ!

ലക്ഷ്മിയമ്മ: കേട്ടോ പണിക്കരേ, എനിക്കറിഞ്ഞൂടേ, എന്റെ കുഞ്ഞുങ്ങളുടെ കാര്യം? അവരുടെ അച്ഛൻ മരിച്ചിട്ടിപ്പോഠം എത്രവർഷമായി? ഇത്രയും കാലം അവരുടെ കാര്യം എനിക്കു നോക്കാമെങ്കിൽ ഇനി എന്തോന്നാ അതിനു തടസ്സം?

പണിക്കർ: ഇതെല്ലാം എന്തിനു പറയുന്നമ്മച്ചീ? അവർക്കതിൽ എതിരഭിപ്രായം വല്ലതുമുണ്ടോ? അവരുടെ ദൈവമല്ലേ അമ്മച്ചി?

ലക്ഷ്മിയമ്മ: (ആത്മഗതമെന്ന മട്ടിൽ) അതിനിനി ഒരു മാററമോ?

(ശ്രീകുമാരൻ പ്രവേശിക്കുന്നു. ചില ചില്ലറ വ്യത്യാസങ്ങളൊഴിച്ചാൽ ലക്ഷ്മിയമ്മയുടെ തനിച്ഛായ തന്നെ. മുഖത്തിനു വാട്ടവും ശരീരത്തിനു ചടവുമുണ്ട്. ഇരുപത്തിനാലു വയസ്സിൽ കൂടുതലില്ല. കഴുത്തിലും കൈയിലും ഓരോ സ്വർണ്ണച്ചെയിനും വിരലുകളിൽ മോതിരങ്ങളും ബാല്യകാലസ്മാരകങ്ങളായി ശേഷിക്കുന്നു. ഉള്ളിലേതോ ഒരു തീക്കട്ട അമർത്തിപ്പിടിച്ചിട്ടുണ്ടെന്ന് കൂടെക്കൂടെയുള്ള നെടുവീർപ്പുകൾ തെളിയിക്കുന്നു. സൈ്ത്രണപ്രകൃതിയാണെന്നു തോന്നും കണ്ടാൽ.)

ലക്ഷ്മിയമ്മ: (അകത്തുനിന്നിറങ്ങി വരുന്ന ശ്രീകുമാരനെ നോക്കി) നീ എങ്ങോട്ടാ കുഞ്ഞേ?

ശ്രീകുമാരൻ: നടക്കാൻ പോകുന്നമ്മേ.

ലക്ഷ്മിയമ്മ: ഇന്നധികം നടക്കണ്ട. മഞ്ഞുള്ള ദിവസമാണ്.

ശ്രീകുമാരൻ: എനിക്കിന്ന് ഒരു സ്നേഹിതനെ കാണണമായിരുന്നു.

ലക്ഷ്മിയമ്മ: ഇന്നിപ്പോഠം പോണ്ട.

ശ്രീകുമാരൻ: പോയിട്ട് എളുപ്പം വരാമമ്മേ.

ലക്ഷ്മിയമ്മ: പൊയ്ക്കൂടെന്നല്ലേ പറഞ്ഞത്?

ശ്രീകുമാരൻ: എന്നാൽ സ്നേഹിതനെ നാളെക്കാണാം. ഞാൻ കുറച്ചുനേരം നടന്നിട്ട് അരമണിക്കൂറിനകം വരാം.

ലക്ഷ്മിയമ്മ: (പുരികം ചുളിച്ച് ശ്രീകുമാരന്റെ മുഖത്തു നോക്കിക്കൊണ്ട്) വേണ്ടെന്നല്ലേ പറഞ്ഞത്? വെളിയിലിറങ്ങി ഒരു തുള്ളി മഞ്ഞു തലയിൽ വീണാൽ മതി, നിനക്ക് സുഖക്കേടു വരാൻ. പോരെങ്കിൽ ശാരദയുടെ അടുത്താരുണ്ട്?

ശ്രീകുമാരൻ: ഞാൻ പോകുന്നില്ലമ്മേ.

ലക്ഷ്മിയമ്മ: ശേഖരനെവിടെ?

ശ്രീകുമാരൻ: മുറിയിലിരുന്നു വായിക്കുന്നു.

ലക്ഷ്മിയമ്മ: അല്ലെങ്കിൽ—ശരി, നീ പോകണം. പോയി ശാരദയ്ക്കു മരുന്നു വാങ്ങിക്കണം.

ശ്രീകുമാരൻ: എന്തിനു മരുന്നു വാങ്ങിക്കുന്നു?

ലക്ഷ്മിയമ്മ: അതെന്താ?

ശ്രീകുമാരൻ: എത്ര നിർബന്ധിച്ചിട്ടും അവൾ മരുന്നു കഴിക്കുന്നില്ല.

ലക്ഷ്മിയമ്മ: അവളുടെയിഷ്ടംപോലെയാണോ അവളെ ചികിത്സിക്കുന്നത്? നീ പോയിട്ടുവാ. ഞാൻകൂടി അടുത്തു വന്നിരുന്നാൽ അവൾ മരുന്നു കഴിക്കും.

(ശ്രീകുമാരൻ പോകുന്നു)

പണിക്കരേ, ആ ശാരദയുടെ സുഖക്കേട് ഒന്നിനൊന്നു വർദ്ധിക്കുന്നതേയുള്ളു. ആയുർവ്വേദം നോക്കി, അലോപ്പതി നോക്കി, ഹോമിയോപ്പതി നോക്കി—ഇനി എന്തു ചെയ്യാനാ?

പണിക്കർ: എനിക്കു തോന്നുന്നമ്മച്ചീ, ഒരു രസികൻ പിഴിച്ചിൽ നടത്തിയാൽ ശരിപ്പെടുമെന്ന്

ലക്ഷ്മിയമ്മ: ഞാൻ പല സുഖക്കേടും കണ്ടിട്ടുണ്ട്. എന്നാൽ ഇതുപോലൊന്ന് ആദ്യം കാണുകയാണ്. എന്തോന്നുപോലിരിക്കുന്നു ആ കുട്ടി! മിണ്ടാട്ടമില്ല. ഉരിയാട്ടമില്ല. ആഹാരംതന്നെ നേരേ ചൊവ്വേ കഴിക്കില്ല. ഇവിടെ വന്ന കാലത്ത് എങ്ങനെയിരുന്നൂ ശാരദ! കഷ്ടമെന്നല്ലാതെ എന്തു പറയാൻ! അതു സാരമില്ലായിരുന്നു. എന്റെ ശ്രീകുമാരൻ—അവനനുഭവിക്കുന്ന ദുരിതമോർത്താൽ എങ്ങനെ സഹിക്കും!

പണിക്കർ: എന്തു ചൊടിയും സന്തോഷവുമായിരുന്നു, ആ കുട്ടപ്പനു മുമ്പൊക്കെ!

ലക്ഷ്മിയമ്മ: ങ്ഹ! ഇനിയിപ്പോൾ എന്തുചെയ്യും, കാലക്കേടിന്! അപ്പഴേ പണിക്കരേ, എത്ര നേരമായി നാമിങ്ങനെയിരുന്നിട്ട്. എനിക്ക് ആ പത്മവിലാസത്തെ കുഞ്ഞ് മരിച്ച ദുഃഖമന്വേഷിച്ചു പോയാലെന്തെന്നുണ്ട്.

ലക്ഷ്മിയമ്മ: പോകാമമ്മച്ചീ, ഞാനും കൂടെ വരാം.

(ശേഖരൻ പ്രവേശിക്കുന്നു. ചുവരിൽ കാണുന്ന ചിത്രത്തിനു ജീവനുണ്ടാവുകയും മീശയും തലപ്പാവും കോട്ടുമൊക്കെ മാറുകയും ചെയ്താൽ അതു ശേഖരനായിത്തീരുമെന്നു തോന്നുന്നു. പരിഷ്കൃതവേഷം. ചെയിനും മോതിരവുമെല്ലാം ജ്യേഷ്ഠനും അനുജനും തുല്യം. ഇരുപത്തേഴു വയസ്സു പ്രായം. മുഖത്തു പൗരുഷത്തിന്റെ കുറവും രണ്ടുപേർക്കും ഒരുപോലെതന്നെ)

ലക്ഷ്മിയമ്മ: കുഞ്ഞേ, എനിക്കു പത്മവിലാസം വരെ ഒന്നു പോണം, ഇരുട്ടുംമുമ്പുതന്നെ വരാം. നീ കുളിക്കാൻ വെള്ളം ചൂടാക്കണ്ടെന്നു പറഞ്ഞോ?

ശേഖരൻ: (അല്പം അത്ഭുതത്തോടെ) ഇല്ല.

ലക്ഷ്മിയമ്മ: ഊണു വേണ്ടെന്നു പറഞ്ഞോ?

ശേഖരൻ: ഇല്ല. എന്താ, അമ്മ അങ്ങനെ ചോദിക്കാൻ?

ലക്ഷ്മിയമ്മ: (നിസ്സാരമെന്ന മട്ടിൽ) വെറുതെ അവൾ നേരമ്പോക്കു പറഞ്ഞതായിരിക്കും.

ശേഖരൻ: ആരു?

ലക്ഷ്മിയമ്മ: മററാരാ?—പങ്കജം.

ശേഖരൻ: അവൾക്കു കിറുക്കുണ്ടോ?

ലക്ഷ്മിയമ്മ: അതു നമുക്കു പിന്നെത്തീരുമാനിക്കാം. ഞാൻ പോയേച്ചുവരട്ടെ.

(ലക്ഷ്മിയമ്മയും പണിക്കരും പോകുന്നു. ലക്ഷ്മിയമ്മ കേൾക്കെ ''ഭ്രാന്തും നേരമ്പോക്കുമില്ലാത്ത അവസരമില്ല'' എന്നു ശേഖരൻ ഉള്ളിലെ വിചാരം ഉറക്കെപ്പറയുന്നു.. എന്നിട്ട് അയാൾ അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നു. പങ്കജം പ്രവേശിക്കുന്നു. അർത്ഥപൂർണ്ണമായ ഒരു ഗൗരവവും അകൽച്ചയും അവളുടെ വാക്കിലും ഭാവത്തിലുമുണ്ട്.)

ശേഖരൻ: (ശാന്തമായി) എന്താ പങ്കജം? നീ അമ്മയോടെന്തു പറഞ്ഞു?

പങ്കജം: എന്തെല്ലാം പറഞ്ഞു!

ശേഖരൻ: വെള്ളം ചൂടാക്കണ്ടെന്നും ചോറു വേണ്ടെന്നും ഞാൻ പറഞ്ഞതായി പറഞ്ഞോ?

പങ്കജം: പറഞ്ഞു.

ശേഖരൻ: എന്തിന്? ഞാനങ്ങനെ പറഞ്ഞിട്ടില്ലല്ലോ.

പങ്കജം: ഇല്ല.

ശേഖരൻ: പിന്നെ?

പങ്കജം: (തീരെ വകയില്ലാത്ത മട്ടിൽ) എനിക്കു പറഞ്ഞാൽ കൊള്ളാമെന്നു തോന്നി; അത്രേയുള്ളു.

ശേഖരൻ: (അത്ഭുതത്തോടെ) ഇതെന്തു നേരംപോക്ക്!

പങ്കജം: (സഗൗരവം) നേരംപോക്കേയല്ല.

ശേഖരൻ: (ചിരിച്ചുകൊണ്ട്) ഗൗരവമായിരിക്കും.

പങ്കജം: അതേ.

ശേഖരൻ: എന്നോടു നേരംപോക്കു പറയുമ്പോലെയോ പ്രവർത്തിക്കുമ്പോലെയോ ആണോ അമ്മയോടു പെരുമാറേണ്ടത്?

പങ്കജം: എനിക്കറിഞ്ഞുകൂടാ.

ശേഖരൻ: നിനക്ക് അത്രയ്ക്കെന്തു വന്നുപോയി?—സഹിക്കാൻ വയ്യാതെ.

പങ്കജം: (ശേഖരന്റെ മുഖത്തു ദൃഷ്ടി തറപ്പിച്ച്) അറിയാഞ്ഞിട്ടാണോ ചോദിക്കുന്നത്?

ശേഖരൻ: (അജ്ഞന്റെ മട്ടിൽ) തീർച്ചയായും.

പങ്കജം: എന്നാൽ എനിക്കു ചിലതു പറയണമെന്നുണ്ട്. പറയാതിരിക്കാൻ ശ്രമിച്ചു. കഴിയുന്നില്ല.

ശേഖരൻ: നിനക്കെന്തും എന്നോടു പറയാമല്ലോ.

പങ്കജം: ഞാൻ ചോദിക്കട്ടെ. തെററിദ്ധരിക്കരുത്.

ശേഖരൻ: ഞാനിതുവരെ പങ്കജത്തെ തെററിദ്ധരിച്ചിട്ടുണ്ടോ?

പങ്കജം: ഇങ്ങോട്ടു ചോദ്യം പിന്നീടാകാം—എന്റെ ചോദ്യത്തിനുത്തരം പറഞ്ഞിട്ട്. അങ്ങയ്ക്ക് ഈ ജീവിതത്തിൽ ഏതെങ്കിലും കാര്യത്തെപ്പററി സ്വന്തമായ ഒരഭിപ്രായം ഉണ്ടായിരുന്നിട്ടുണ്ടോ?

ശേഖരൻ: പെട്ടെന്നു മറുപടി പറയാം. എനിക്ക് ഈ ചോദ്യം മനസ്സിലായില്ല.

പങ്കജം: ഓ! ആശയം കുറെ കടുത്തുപോയി! ലഘുവാക്കിത്തരാം. അങ്ങിട്ടിരിക്കുന്ന ആ ഉടുപ്പ്, അങ്ങയുടെ ഇഷ്ടപ്രകാരം തയ്പിച്ചതാണോ?

ശേഖരൻ: (നിസ്സാരഭാവത്തിൽ) ഇതാണോ അത്ര വലിയ കാര്യം? അമ്മ തയ്പിച്ചു; ഞാനിട്ടു.

പങ്കജം: അങ്ങാഗ്രഹിക്കുന്ന ഒരു ദിവസമെങ്കിലും അങ്ങയ്ക്കു വീട്ടിനു പുറത്തിറങ്ങി നടക്കാൻ കഴിയുമോ? എട്ടു കാശ് ഒരു തെണ്ടിക്കു കൊടുക്കണമെന്നു വിചാരിച്ചാൽ അങ്ങയ്ക്കതു സാധിക്കുമോ?

ശേഖരൻ: (ഗൗരവത്തിൽ) നീ പറയുന്നതുകൊണ്ട് ഞാൻ ഇതെല്ലാം ക്ഷമിക്കുന്നു. അല്ലെങ്കിൽ നീ ആരെ ഉദ്ദേശിച്ചാണു സംസാരിക്കുന്നതെന്ന് എനിക്കറിയാം.

പങ്കജം: ഞാനുദ്ദേശിക്കുന്ന ആളെത്തന്നെയാണ് അങ്ങുമുദ്ദേശിക്കുന്നത്.

ശേഖരൻ: എന്നാൽ ഞാൻ ഒന്നുപറയുന്നു. എന്റെ അമ്മ എനിക്കു ദൈവമാണ്. അതിനൊരിക്കലും മാററമില്ല. അതോർത്തു വേണം സംസാരിക്കുന്നതും പെരുമാറുന്നതും.

പങ്കജം: ഒരു ചോദ്യംകൂടി ചോദിച്ചോട്ടെ. അങ്ങയ്ക്ക് എന്നോടു യഥാർത്ഥമായ സ്നേഹം ഉണ്ടോ?

ശേഖരൻ: (ശുദ്ധഗതിക്കാരന്റെ മട്ടിൽ) ഈശ്വരനെങ്കിലും അതിന്റെ പരമാർത്ഥമറിയാം.

പങ്കജം: എന്റെ സ്നേഹത്തിൽ അങ്ങയ്ക്ക് അല്പമെങ്കിലും വിശ്വാസമുണ്ടോ? തുറന്നു പറയണേ ഒന്നും മറയ്ക്കാതെ.

ശേഖരൻ: എനിക്കിതിനു മറുപടിയില്ല പങ്കജം. (പരിഭവത്തോടും വ്യസനത്തോടും) നിനക്കിതെങ്ങനെ ചോദിക്കാൻ നാവു പൊങ്ങി!

പങ്കജം: (തെല്ലിട നിശ്ശബ്ദയായിട്ട്) ചോദിക്കേണ്ടി വന്നു. കാലം ആവശ്യമുണ്ടാക്കിത്തന്നു.

ശേഖരൻ: മനസ്സിൻെറ കടുപ്പംപോലെ ആയിക്കൊള്ളു.

പങ്കജം: എനിക്ക് ആ പരിഭവമൊന്നും കണ്ടിട്ടു കാര്യമില്ല. എനിക്കൊന്നേ പറയാനുള്ളൂ. ഒന്നുകിൽ എൻെറ സ്നേഹത്തിൽ അങ്ങയ്ക്കു വിശ്വാസമില്ല. അല്ലെങ്കിൽ അങ്ങ് എന്നോടു കാണിച്ച സ്നേഹം വെറും പൊള്ളയാണ്.

ശേഖരൻ: (ഒരു വിലാപച്ഛായയിൽ) ഇതെന്തു ബുദ്ധികേടാണു പങ്കജം! നിൻെറ സ്നേഹത്തിൽ വിശ്വാസമില്ലെങ്കിൽ അമ്മയോട് ഒരു വാക്കുപോലും ചോദിക്കാതെ നിന്നെ ഞാൻ മദ്രാസിൽ വച്ചു വിവാഹം കഴിക്കുമായിരുന്നോ?

പങ്കജം: എന്നാൽ രണ്ടാമത്തേതായിരിക്കും സത്യം.

ശേഖരൻ: (ദുഃഖം വിങ്ങുന്ന മുഖത്തോടെ) ഇതുതന്നെ ഞാൻ കേൾക്കണം: ഇതു കേൾക്കാനാണ് അന്ന് അതിനു വഴിപ്പെട്ടത്! ജനിച്ചതിൽപ്പിന്നെ ഇന്നുവരെ അമ്മ പറയുന്നതിൽനിന്ന് ഒരടി മാറിയിട്ടില്ലാത്ത ഞാൻ ജീവിതത്തിലെ അതിപ്രധാനമായ കാര്യം അമ്മയുടെ അറിവും സമ്മതവും കൂടാതെ ചെയ്തത്! ഉം, കേട്ടോളാം പങ്കജം. അല്ലാതെന്തു ഗതി!

പങ്കജം: വേണ്ട, വേണ്ട. ഞാനാരെയും വേദനിപ്പിക്കുന്നില്ല. ഇതെല്ലാം ഞാൻ അനുഭവിക്കേണ്ടതാണ് ഞാനങ്ങയേക്കൂടി അബദ്ധത്തിൽ ചാടിച്ചു.

ശേഖരൻ: (അനുനയ സ്വരത്തിൽ) അബദ്ധമെന്ന് ആരു പറഞ്ഞെൻെറ പങ്കജം?

പങ്കജം: പറയാതെതന്നെ വെളിപ്പെടുത്തിക്കഴിഞ്ഞു.

ശേഖരൻ: അബദ്ധമായിട്ടാണോ, ഒരബദ്ധവും ഇന്നുവരെപ്പററിയിട്ടില്ലാത്ത അമ്മപോലും നമ്മുടെ വിവാഹത്തിൽ സന്തോഷിച്ചത്. "എൻെറ മരുമകളെ കാണാൻ തിടുക്കമായി. എളുപ്പം കൂട്ടിക്കൊണ്ടുവരൂ" എന്ന് എനിക്കെഴുതി അയച്ചത്?

പങ്കജം: (ആലോചനയോടെ) അതേ, ആ എഴുത്ത്! എന്തൊരു കടന്ന പ്രയോഗമായിരുന്നു അത്!

ശേഖരൻ: (അഭിമാനത്തോടെ) അങ്ങനെയാണു മഹത്വമുള്ളവരുടെ മനസ്സ്!

പങ്കജം: അതിരിക്കട്ടെ. എനിക്ക് ഒരു കാര്യംകൂടി അറിയണമെന്നുണ്ട്.

ശേഖരൻ: നിർത്തൂ. എനിക്കും ചോദിക്കാനവകാശമുണ്ട്.

പങ്കജം: ഓഹോ! എന്തു വേണോ ചോദിച്ചോളൂ. അങ്ങു ചോദിക്കുകയും ഞാനുത്തരം പറയുകയും, ഞാൻ ചോദിക്കുകയും അങ്ങുത്തരം പറയുകയും—ഹാ! അങ്ങനെ നമുക്കു കഴിഞ്ഞുകൂടാൻ പററുമായിരുന്നെങ്കിൽ!

ശേഖരൻ: (അനുനയസ്വരത്തിൽ) അങ്ങനെയല്ലേ നാം ഇതുവരെ കഴിഞ്ഞു കൂടിയത്?

പങ്കജം: 'എന്നുവരെ' എന്നാണു സംശയം.

ശേഖരൻ: (പങ്കജത്തിൻെറ ഉള്ളു മനസ്സിലാക്കിയിട്ട്) പങ്കജം, നമ്മുടെ സുഖവും ഐശ്വര്യവും സൗഭാഗ്യവുമെല്ലാം ഒരേ ഒരാളിനെ ആശ്രയിച്ചാണിരിക്കുന്നത്.

പങ്കജം: നേരേതന്നെ പറയു. ആ ആളാണ് അങ്ങയുടെ അമ്മ.

ശേഖരൻ: (പ്രസാദത്തോടെ) ബുദ്ധിയുള്ളവർക്കു കാര്യം ഗ്രഹിക്കാൻ വിഷമമില്ലല്ലോ.

പങ്കജം: ഞാനിവിടെ വന്നു കുറച്ചുദിവസം കഴിയുന്നതിനു മുമ്പുതന്നെ അതു മനസ്സിലാക്കി. അല്ലല്ല; ഞാനിവിടെ വരുന്നതിനു മുമ്പ്, ഞാനമ്മയെ കാണുന്നതിനുമുമ്പ്, എനിക്കതു ബോദ്ധ്യമായി.

ശേഖരൻ: (വിസ്മയ പരിഹാസങ്ങളോടെ) കാണുന്നതിനു മുമ്പോ? അമ്പടി കേമീ!

പങ്കജം: അങ്ങു മദ്രാസിൽ വച്ച് എത്രനാഴിക നേരമാണ്, അമ്മയെപ്പററി പ്രസംഗിച്ചിട്ടുള്ളത്! വേറൊരു വിഷയത്തെപ്പററി ഇത്രമാത്രം അങ്ങ് എന്നോടു സംസാരിച്ചിട്ടുണ്ടോ?

ശേഖരൻ: എനിക്കു മറെറാരാളെപ്പററി പറയാനില്ല പങ്കജം. എത്ര പറഞ്ഞാലും ഏറിപ്പോവുകയില്ലെന്നു നിനക്കിവിടെ വന്നപ്പോഴ് മനസ്സിലായില്ലേ? ഞാൻ പറഞ്ഞതുമുഴുവൻ ശരിയാണെന്ന് അന്നു നിനക്ക് വിശ്വാസം വന്നിരിക്കയില്ല. ഇവിടെ വന്നപ്പോഴെന്താ? പൂർണ്ണവിശ്വാസമായില്ലേ?

ങ്കജം: (അർത്ഥഗർഭമായ നോട്ടത്തോടെ) അവിടെവച്ചുണ്ടായിരുന്ന അല്പം ചില സംശയങ്ങൾ ഇവിടെ വന്നപ്പോൾ തീർന്നു!

ശേഖരൻ: തീർച്ചയാണല്ലോ?

പങ്കജം: അതേ.

ശേഖരൻ: അപ്പോൾ നീ ചോദിച്ച ചോദ്യമൊക്കെ അനാവശ്യമല്ലേ?

പങ്കജം: (എടുത്തടിച്ച മട്ടിൽ) എനിക്കങ്ങനെ തോന്നുന്നില്ല.

ശേഖരൻ: (ആശ്ചര്യത്തോടെ) അല്ല! ഇതൊന്നിനൊന്നു വിപരീതമായിരിക്കുന്നു!

പങ്കജം: ഒരിക്കലുമല്ല. അങ്ങൊരു പുരുഷനാണ്. അതുകൊണ്ടാണ് എനിക്കു ചോദിക്കേണ്ടിവന്നത്.

ശേഖരൻ: ഞാൻ പുരുഷനായതുകൊണ്ട്? അതുകൊണ്ട് കാര്യങ്ങൾക്ക് എന്തു വ്യത്യാസം വരാനാണ്.

പങ്കജം: അങ്ങ് വിവാഹിതനാണ്. അങ്ങയ്ക്കൊരു ഭാര്യയുണ്ട്. ഇതൊക്കെ അങ്ങെ ആരെങ്കിലും പറഞ്ഞറിയിക്കേണ്ടിവന്നിരിക്കുന്നു! കഷ്ടം!

ശേഖരൻ: (പുഞ്ചിരിയോടെ) നേരമ്പോക്കു കേൾക്കാനാണെങ്കിൽ ഞാൻ സദാ സന്നദ്ധൻ!

പങ്കജം: (പരിഹാസപൂർവ്വം) ഓഹോ! ഇതൊക്കെ നേരംപോക്കുകൾ! ഗൗരവമുള്ള കാര്യം വേറേകിടക്കുന്നു! ഈശ്വരാ! ഇങ്ങനെയുണ്ടോ ഒരു പരാധീനത!

ശേഖരൻ: അതുമിതും പറയാതെ മനസ്സിലിരുന്നറുക്കുന്നതു നേരേ പുറത്തുവിടൂ. പങ്കജം. ഞാനെന്തുവേണമെന്നാണു നീ പറയുന്നത്?

പങ്കജം: കെട്ടുപെട്ടു കിടക്കുന്നവൻ, തന്നെ വരിഞ്ഞിരിക്കുന്ന ചങ്ങല മിനുങ്ങുന്ന സ്വർണ്ണം കൊണ്ടു തീർത്തതാണെന്ന് അഭിമാനിക്കുന്നതു ഭോഷത്വമാണ്.

ശേഖരൻ: ഓ! നീയൊരുപദേശക്കാരി!

പങ്കജം: അതേ. ഞാനൊരു ഭാര്യ. ഭർത്താവിനോടുപദേശിക്കുന്നു. ആ ചങ്ങല പൊട്ടിച്ചെറിയാൻ

(ശേഖരൻ പൊട്ടിച്ചിരിക്കുന്നു.)

(ശേഖരനെ രൂക്ഷമായി നോക്കുന്നു. ഓരോ വാക്കിനും മൂർച്ചയോടെ) അങ്ങോർക്കുന്നുണ്ടോ?—അല്ല, ഇപ്പോൾ മറന്നുപോയിരിക്കും—അന്നു മദ്രാസിൽ വച്ച് എന്റെ പുറകേ ഒരു പിച്ചക്കാരനെപ്പോലെ അലഞ്ഞു തിരിഞ്ഞത്? ഞാനൊന്നു നോക്കാൻ വേണ്ടി നട്ടുച്ചയ്ക്ക് എരിവെയിലിൽ തപസ്സുചെയ്തത്? ജീവിതത്തിലെ കല്ലും നെല്ലും തിരിയാതിരുന്ന കാലത്ത് അങ്ങയെ വിശ്വസിച്ചു ഞാനെന്റെ ഹൃദയം ആ കാല്ക്കൽ കാഴ്ചവച്ചു. അതിനുള്ള പ്രതിഫലം ഇതാണെങ്കിൽ—(കണ്ണുകൾ നിറയുന്നു)

ശേഖരൻ: (അടുത്തു ചെന്നിട്ട്) എന്റെ പങ്കജം, നീയിത്ര ശുദ്ധഗതിക്കാരിയായിപ്പോയല്ലോ! (കണ്ണുനീർ തുടയ്ക്കുന്നു)

പങ്കജം: ഞാനോ ശുദ്ധഗതിക്കാരി! ഞാൻ പാപിയാണ്. നശിച്ചവളാണ്. അല്ലെങ്കിൽ ഞാൻ അങ്ങയുടെ ആഗ്രഹത്തിനു വഴങ്ങുമായിരുന്നോ?

ശേഖരൻ: നീ അങ്ങനെ പറയരുതു പങ്കജം. എന്റെ ഭാഗ്യമല്ലേ, എന്റെ പുണ്യമല്ലേ, എനിക്കു നിന്നെ നേടിത്തന്നത്? അല്ലെങ്കി തങ്കം, എനിക്കു നിന്നെ കിട്ടാൻ എന്തുയോഗ്യതയുണ്ട്!

പങ്കജം: (ദൈന്യവും പരിഭവവും നിറഞ്ഞ സ്വരത്തിൽ) അങ്ങയ്ക്കെന്തെല്ലാം യോഗ്യതകളുണ്ട്! അങ്ങയുടെ അച്ഛൻ ഭാരിച്ച സ്വത്തിന്റെ ഉടമസ്ഥനായിരുന്നു. അങ്ങയുടെ അമ്മയ്ക്കാണ് ഇന്ന് ആ സ്വത്തുമുഴുവനും. അമ്മയാണെങ്കിൽ സാമർത്ഥ്യവും വൈഭവവും തികഞ്ഞ ഒരു സ്ത്രീ. സ്നേഹമൂർത്തിയായ ഒരനുജൻ അങ്ങയ്ക്കുണ്ട്. ആ സ്വർഗ്ഗത്തിൽ, വല്ലേടത്തുനിന്നും വഴിയേ വന്നുകേറിയ ഒരുത്തി എന്തിനു നരകമുണ്ടാക്കുന്നു!

ശേഖരൻ: നീ ദു:ഖിക്കരുതു പങ്കജം. നിന്റെ ഗുണങ്ങളൊന്നും നിനക്കറിയാൻ കഴികയില്ല. കഷ്ടം! നീ അതിനിടയ്ക്കു കരയുകയും ചെയ്തല്ലോ! മായി!

പങ്കജം: (കുറെക്കഴിഞ്ഞ്) കരയാൻ ജനിച്ചവർ കരയുകതന്നെ വേണം.

ശേഖരൻ: നീ സദാ പുഞ്ചിരിപൊഴിക്കേണ്ടവളാണ്.

പങ്കജം: ഈ തെററിദ്ധാരണ നശിച്ചിരുന്നെങ്കിൽ!

ശേഖരൻ: തെററാണെങ്കിലല്ലേ നശിക്കേണ്ടതുള്ളൂ?

പങ്കജം: അല്ല, ശരിയാണു നശിക്കുന്നത്. തെററാണ്, തഴയ്ക്കുന്നതും വളരുന്നതും.

ശേഖരൻ: (ചിരിച്ചുകൊണ്ട്) നമസ്കാരം ശ്രീമതീ, വല്ലാത്ത കണ്ടു പിടിത്തം!

പങ്കജം: നമസ്കാരം, ചെയ്യേണ്ടിടത്തു ചെയ്യണം.

ശേഖരൻ: ആട്ടെ. അപ്രകാരമാവാം. ഇപ്പോഴൊന്നു കുളിക്കാനാണ് അത്യാവശ്യം.

പങ്കജം: (ആക്ഷേപസ്വരത്തിൽ) അമ്മ പറഞ്ഞതുപോലെ വെള്ളം ഒന്നു ചൂടായിക്കോട്ടെ.

(യവനിക)

## 14.6 പാഠസംഗ്രഹവും—നിരൂപണവും

ബലാബലത്തിലെ ഒന്നാം അങ്കം പിന്നീടു വളരാൻ പോകുന്ന സംഘർഷത്തിൻെറ ഭൂമിയാണ് അവതരിപ്പിക്കുന്നത്.

യൗവ്വനത്തിൽത്തന്നെ ഭർത്താവു നഷ്ടപ്പെട്ട ഒരു സ്ത്രീയാണ് ലക്ഷ്മിയമ്മ. തൻേറടിയായ ഒരു തറവാട്ടമ്മ. അച്ഛനില്ലാത്ത ദുഃഖം അറിയിക്കാതെ അവർ മക്കളെ വളർത്തി വലുതാക്കി. സ്നേഹവാത്സല്യങ്ങൾ കൊണ്ട് അവരെ പൊതിഞ്ഞു. പക്ഷേ, അവരെ ചൊല്പടിക്കു ശാസിച്ചു നിർത്തി വ്യക്തിത്വം കെടുത്തിക്കളയുകയും ചെയ്തു.

ശേഖരൻെറ പത്നി പങ്കജത്തിന് ഈ സ്നേഹം മനസ്സിലാക്കാനായില്ല. ഭർത്താവിൻെറ പൗരുഷം നശിപ്പിക്കുന്ന വിചിത്രമായ സ്നേഹം. ശേഖരൻ ചൂടുവെള്ളത്തിലോ പച്ചവെള്ളത്തിലോ കുളിക്കേണ്ടത്, ശ്രീകുമാരനു ഒന്നു നടക്കാൻ പോകാമോ, ഏഹുതരം കുപ്പായമാണ് അവർ ധരിക്കേണ്ടത് എന്നെല്ലാം തീരുമാനിക്കുന്നത് അമ്മയാണ്. പ്രായപൂർത്തിയായി വിവാഹം കഴിഞ്ഞ് സ്വന്തം ജീവിതം ജീവിച്ചു തുടങ്ങിയിട്ടും ബാല്യം വിടാത്ത കുട്ടികളോടെന്നപോലെയാണ് അവർ മക്കളോടു പെരുമാറുന്നതും. ഇതിനിടയിലേക്കു കടന്നു വന്ന പങ്കജത്തിന് ഇതൊന്നും സഹിക്കാൻ കഴിയുന്നില്ല. ഭർത്താവിനെ വരിയുന്ന ചങ്ങലയാണ് അമ്മയുടെ സ്നേഹമെന്ന് അവൾ കരുതി. സ്വന്തം കാലിൽ നിവർന്നു നില്ക്കുന്ന ഒരാണിനെ ഭർത്താവിൽ കാണാനാണ് അവൾക്ക് ഇഷ്ടം. അവൾ കാര്യങ്ങൾ തുറന്നുപറയുകയും ചെയ്യുന്നു.

ശേഖരനാകട്ടെ ഒരു ധർമ്മസങ്കടത്തിലാണ്. അമ്മയുടെ സ്നേഹവും അമ്മ അനുഷ്ഠിച്ച ത്യാഗവും അനുഭവിച്ച വേദനകളും ശേഖരന് നന്നായിട്ടറിയാം. അമ്മയുടെ വരുതിയിൽനിന്നതുകൊണ്ട് ലഭിച്ച സുരക്ഷിതത്വവും അയാൾക്ക് പഥ്യമാണ്. അതേസമയം പങ്കജത്തോടു സ്നേഹമാണ്; അവൾ ജീവിത സർവ്വസ്വം തന്നെയാണ്. എതിർദിശകളിലേക്കു വലിക്കുന്ന സ്നേഹമാണ് ശേഖരനെ വലയ്ക്കുന്നത്.

### പുരോഗതി സ്വയം പരിശോധിക്കുക—3

1. 'അതുകൊണ്ട് കുഴപ്പമൊന്നും വന്നില്ല.' എന്തുകൊണ്ട്?
2. ഇത്രയും ഇപ്പോളുണ്ട്. എന്തുകൊണ്ട്?
3. 'നീ ചോദിച്ചു അല്ലേ?' ലക്ഷ്മിയമ്മയുടെ ഈ സംഭാഷണത്തിൻെറ പൊരുൾ എന്താണ്?
4. 'ആ ചങ്ങല പൊട്ടിച്ചെറിയാൻ.' ഏത് ചങ്ങല?
5. 'അമ്മ പറഞ്ഞതുപോലെ വെള്ളമൊന്നു ചൂടായിക്കോട്ടെ.' പങ്കജം ഇത് പറയുന്നത് കാര്യമായിട്ടാണോ അതോ ആക്ഷേപസ്വരത്തിലോ?

## 14.7 പുരോഗതി സ്വയം പരിശോധിക്കുക—ഉത്തരം

1) 1. അരങ്ങിൽ അവതരിപ്പിച്ചു രസിക്കാൻവേണ്ടി

2. 'നട്' ധാതുവിൽനിന്ന്

3. കഥാപാത്രങ്ങളുടെ പരസ്പര സംഭാഷണത്തിലൂടെയും അവരുടെ ക്രിയയിലൂടെയും അല്ലാതെ നാടകത്തിൽ ഒരു കാര്യവും അവതരിപ്പിക്കുവാൻ കഴിയുകയില്ല എന്നതാണ്?

4. താൻ സൃഷ്ടിച്ച കഥാസന്ദർഭത്തെയും പാത്രത്തേയും കുറിച്ച് എന്തെങ്കിലും നേരിട്ട് വായനക്കാരനോടോ പ്രേക്ഷകനോടൊ പറയാനുള്ള സൗകര്യം.

5. 'സംഘർഷ' നിർഭരമായ ജീവിത സന്ദർഭങ്ങളിൽ അകപ്പെട്ട അസാധാരണ വ്യക്തിത്വമുള്ള കഥാപാത്രങ്ങളുടെ പരസ്പര ബന്ധത്തിലൂടെയും പ്രവർത്തന പ്രതിപ്രവർത്തനത്തിലൂടെയും വളർന്ന് സ്വാഭാവികപരിണാമത്തിൽ എത്തുന്ന സംഭവക്രമത്തിൻെറ നേരിട്ടുള്ള അവതരണമാണ് നാടകം.

6. അവതരണസാദ്ധ്യതാ ശക്തിയായ മനുഷ്യവികാരങ്ങളുടെ സംഘട്ടനം, കഥാപാത്രങ്ങളുടെ ക്രിയാ നിർഭരമായ സംഭാഷണം

7. ഒരു നാൾ വാനരൻെറ തല്ലേററാൽ രക്ഷോരൂപം വെടിഞ്ഞ് മടങ്ങിച്ചെല്ലാം.

8. സീതയെത്തേടി കടൽ ശതയോജന താണ്ടി വന്നതാണ് ഹനുമാൻ.

2) 1. സാറാമ്മയെ
അവൾ സ്വയം വഴിതെററിയതല്ല; കുടുംബസുഹൃത്തായ താൻ (കുഞ്ഞുവർക്കി) ആണ് അവൾ വഴിതെററിയതിന് ഉത്തരവാദിയെന്നതുകൊണ്ട്.

2. ഉപകാരം ചെയ്യുന്നവനെ ഉപദ്രവിക്കുകയോ നശിപ്പിക്കുകയോ ചെയ്യുന്ന അവിവേകി.

3. കുററം ഏററു പറഞ്ഞിട്ടും തൻെറ (സാറാമ്മയുടെ) മനോഭാവം മനസ്സിലാക്കാൻ കഴിയാത്ത ഭർത്താവിനെ (മാത്തുക്കുട്ടിയെ) ഉദ്ദേശിച്ച് സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും കൊതിച്ച ഭാര്യ (സാറാമ്മ) പറയുന്നത്.

4. യുദ്ധക്കളത്തിലെ ചോരചീററുന്ന ശിരസ്സുകളും ബോംബു പൊട്ടി കൈയും കാലും കരളും ചിതറുന്നതും, പ്രാണൻ പോയിട്ടില്ലാത്ത മനുഷ്യ ശരീരങ്ങളെ കുറുനരികൾ വലിച്ചിഴച്ചുകൊണ്ടു പോകുന്നതുമായ കാഴ്ചകൾ.

5. സാറാമ്മ കുററം ഏററു പറയുകയും, സ്നേഹത്തോടെ—എന്നാൽ പശ്ചാത്താപത്തോടെ—പരിചരിക്കുകയും ചെയ്തതുകൊണ്ട് മാത്തുക്കുട്ടിയുടെ കോപവും താപവും മാറി. അയാൾ സാറാമ്മയോട് പൊറുത്തു ശാന്തനായി എന്ന മനോഭാവത്തെ സൂചിപ്പിക്കുന്നു.

3) 1. ഭർത്താവിന് തൻേറടമില്ലായിരുന്നെങ്കിൽ ഭാര്യ ലക്ഷ്മിയമ്മയ്ക്ക് അതുണ്ടായിരുന്നു എന്നതുകൊണ്ട്.

2. ഭാര്യ വരയ്ക്കുന്ന വരയ്ക്കപ്പുറം ഭർത്താവ് പോകാതിരുന്നതുകൊണ്ട്

3. ലക്ഷ്മിയമ്മ പറഞ്ഞത് അനുസരിക്കുകയല്ലാതെ, ഭർത്താവിനോട് ഇഷ്ടാനിഷ്ടങ്ങളെക്കുറിച്ച് ആരായാൻ പങ്കജത്തിന് അവകാശമില്ലായിരുന്നു. അവകാശവും, അധികാരവുമില്ലാത്തത് ചെയ്ത് അനുസരണക്കേട് കാണിക്കുകയാണ് അല്ലേ? എന്ന്.

4. അമ്മയുടെ സ്നേഹനിർമ്മിതമായ ചങ്ങല ഭർത്താവായ മകൻെറ മനസ്സിനെ വരിഞ്ഞിരിക്കുന്നത് പൊട്ടിച്ചെറിയാൻ

5. ആക്ഷേപസ്വരത്തിൽ.